# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുന്നാവായ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എം.പി.എം17/655/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുന്നാവായ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എം.പി.എം17/655/2022 തീയ്യതി: 24/05/2022

## മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 23-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-02-2022 | 09-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് പി (ഓഡിറ്റ് ഓഫീസർ)
ശ്രീ. മൂസ ഇ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ. ഷാജഹാൻ ഖുറൈഷി എം (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ലത ഒ.വി (സീ.ഗ്രേ ഓഡിറ്റർ)
ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫൈസൽ എടശ്ശേരി | പ്രസിഡന്റ് | 01-04-2020 | 18-12-2020 |
| ശ്രീമതി. ആനി ഗോഡ്ലീഫ് | പ്രസിഡന്റ് | 19-12-2020 | 31-01-2021 |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-02-2021 | 07-02-2021 |
| ശ്രീമതി. കൊട്ടാരത്ത് സുഹറാബി | പ്രസിഡന്റ് | 08-02-2021 | 31-03-2021 |
| ശ്രീമതി. ഷീല യു | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീമതി. ജയ ലക്ഷ്മി എ | സെക്രട്ടറി | 01-06-2020 | 13-09-2020 |
| ഒഴിവ് | സെക്രട്ടറി | 14-09-2020 | 15-09-2020 |
| ശ്രീ. വേണുഗോപാലൻ എം.പി | സെക്രട്ടറി | 16-09-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജയശ്രീ ബി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ഫർസാന ഷാമിൻ പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സംഗീത എസ് ഗിരീഷ് | വെറ്ററിനറി സർജൻ | 01-04-2020 | 18-09-2020 |
| ഡോ. നിമ പി.എൽ | വെറ്ററിനറി സർജൻ | 19-09-2020 | 31-03-2021 |
| ശ്രീമതി. രശ്മി എം.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ബാബു മോൻ പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. സൌമ്യ എൻ.എൽ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ജുമൈലത്ത് | അസി.എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി. സിന്ധു പി.എ | അസി.എഞ്ചിനീയർ | 01-07-2020 | 26-02-2021 |
| ശ്രീമതി. സുധർമ | അസി.എഞ്ചിനീയർ | 27-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| വി.പി | | | |
| ശ്രീമതി. ഷൈലജ ബിന്ദു | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഡോ. സലിം ഇസ്മായിൽ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ. അബ്ദുൾ മഹ്റൂഫ് എച്ച്.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 05-06-2020 |
| ശ്രീ. ഷാജിത്ത് കെ | ഡെയറി ഫാം ഇൻസ്പെക്ടർ | 06-06-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Suresh.P (Audit Officer, On 13-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Sujatha M (Auditor, On 27-04-2022) | 1-11 |
| 13 | രശീത് ബുക്ക് ,അവയുടെ സ്റ്റോക്ക് രജിസ്റ്റർ-അകൌണ്ട്സ് ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-03-2022) | 1-12 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-13 |
| 15 | വാടക-വലിയ തുക കുടിശ്ശിക നിൽക്കുന്നു.<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-14 |
| 16 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-03-2022) | 1-15 |
| 17 | തൊഴിൽനികുതി അപാകതകൾ | 1-16 |

| | | |
|---|---|---|
| | Written By: Idrees Abdulla A.C. (Auditor, On 09-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-03-2022) | |
| 18 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-17 |
| 19 | ജനൽ കമ്പി - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 10-03-2022) | 1-18 |
| 20 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ടസ്സ് വർക്ക് നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 10-03-2022) | 1-19 |
| 21 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 18821 രൂപ തിരിച്ചടവാക്കി.<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-20 |
| 22 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 11-03-2022) | 1-21 |
| 23 | മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തി - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-22 |
| 24 | നിർമ്മാണ തൊഴിലാളി ക്ഷേ നിധി - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 10-03-2022) | 1-23 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയർ -രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 12-03-2022) | 1-24 |
| 26 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-25 |
| 27 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ സ്വീകരിച്ചില്ല. ഗ്രാമ പഞ്ചായത്തിന് 1.85 ലക്ഷം രൂപയുടെ നഷ്ടം<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-26 |
| 28 | കുടിവെള്ളം വിതരണം - അപാകതകൾക്ക് പരിഹരിക്കുന്നത് വരെ ചെലവ് തുക 8,91,563 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 11-03-2022) | 1-27 |
| 29 | ഫെസ്റ്റിവൽ അഡ്വാൻസ് - തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-28 |
| 30 | സ്ട്രീറ്റ് ലൈറ്റ്- സമ്പൂർണ്ണ അറ്റകുറ്റപ്പണി -അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-29 |
| 31 | ഗ്രാമ പഞ്ചായത്ത് വികസന പദ്ധതിക്ക് ഡോക്യുമെൻ്റേഷൻ തയ്യാറാക്കൽ- രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 11-03-2022) | 1-30 |
| 32 | പഞ്ചായത്ത് ഓഫീസിൽ സോളാർ പവർ സ്ഥാപിക്കൽ- രേഖകൾ | 1-31 |

| | | |
|---|---|---|
| | പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 11-03-2022) | |
| 33 | കമ്മ്യൂണിറ്റി കിച്ചൺ -സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ ചെലവഴിച്ച തുക തിരികെ അടവാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-32 |
| 34 | ടെണ്ടർ നടപടികൾ കൂടാതെ ARTCOയിൽ നിന്നും പർച്ചേസ്- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-33 |
| 35 | SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് : അപാകതകൾ<br>Written By: Latha.O.V (Auditor, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-34 |
| 36 | SC വിവാഹധനസഹായം അധികം നൽകിയത്<br>Written By: Latha.O.V (Auditor, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-35 |
| 37 | എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-36 |
| 38 | ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-37 |
| 39 | മാർഗ്ഗരേഖ പാലിക്കാതെ അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു<br>Written By: Idrees Abdulla A.C. (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-38 |
| 40 | മരുന്ന് വാങ്ങൽ പദ്ധതികൾ - മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമാവാത്തത്<br>Written By: Suresh.P (Audit Officer, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-39 |
| 41 | ക്ഷേമപെൻഷനുകൾ അനുവദിച്ചു നല്കുന്നതിലെ കാലതാമസം<br>Written By: Latha.O.V (Auditor, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 11-03-2022) | 1-40 |
| 42 | അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കൽ<br>Written By: Latha.O.V (Auditor, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-41 |
| 43 | പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത പകൽവീടിന് ഫർണീച്ചറുകൾ വാങ്ങി-<br>Written By: Latha.O.V (Auditor, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-42 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 3-1 |
| 2 | ജനൽ കമ്പി - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 10-03-2022) | 3-2 |
| 3 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 3-3 |

| | | |
|---|---|---|
| 4 | മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തി - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നമ്പർ-1(1)/26.03.2020 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 26.07.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25865608 |
| വരവ് | 96131426 |
| ആകെ | 121997034 |
| ചെലവ് | 104564565 |
| നീക്കിയിരിപ്പ് | 17432469 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18919847 | 18919847 | 16333388 | 2586459 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5911196 | 5911196 | 5493875 | 417321 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7086000 | 7086000 | 6205195 | 880805 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5821518 | 5821518 | 4247593 | 1573925 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 7810000 | 7810000 | 831831 | 6978169 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 16074622 | 16074622 | 13033058 | 3041564 |
| ബി ഫണ്ട് | 0 | 77397653 | 77397653 | 77397653 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം Development Fund (General) ചെലവിൽ വ്യത്യാസം കാണുന്നു.

| ഫണ്ടിനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് | എ.സി.ആർ പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| Development Fund (General) | 16419988 | 16333388 | 86600 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 398 | 148930025 | 261 | 72226004 | 0 | 137 | 65.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 750 | 602084 | 602834 | 348681 | 254153 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11125314 | 11125314 | 11125314 | 0 |
| ആകെ | 750 | 11727398 | 11728148 | 11473995 | 254153 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3600 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 1272800 | 506 |
| വിധവാപെൻഷൻ | 25953700 | 9364 |
| വാർദ്ധക്യകാലപെൻഷൻ | 42122000 | 16868 |
| വികലാംഗപെൻഷൻ | 7357500 | 2880 |
| വിവാഹ ധനസഹായം | 510000 | 17 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 510800 | 181 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2022 ന് 10.10 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 79926/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. GO(P)259/2010/ത.സ്വ.ഭ.വ. തിയതി 08.11.2010 നമ്പർ പ്രൊക്വർമെന്റ് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന വിധത്തിൽ വാർഷിക ആവശ്യകതാ നിർണ്ണയം നടത്താതെയാണ് സ്റ്റോർ പർച്ചേസ് നടത്തിയിട്ടുള്ളത്.
2. പഞ്ചായത്തിലേക്ക് വാങ്ങുന്ന സ്റ്റോറുകൾ സംബന്ധിച്ച് രേഖപ്പെടുത്തിയ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇലക്ട്രോണിക് സാധനങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറി സാധനങ്ങൾ, രജിസ്റ്ററുകൾ, ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങി ചെറുതും വലുതുമായ മുഴവൻ സ്റ്റോറുകളും തീയ്യതി ക്രമത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയ അവസ്ഥയിലാണ്. പ്രധാനപ്പെട്ട സ്റ്റോറുകൾ ഇനം തിരിച്ച് പ്രത്യേക പേജുകളിൽ രേഖപ്പെടുത്താത്തതിനാൽ അത്തരം സ്റ്റോറുകളെ സംബന്ധിച്ച സമഗ്രമായ വിവരം നിലവിലുള്ള രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. മാത്രമല്ല സ്റ്റോറുകളുടെ സ്പെസിഫിക്കേഷനുകൾ, മറ്റ് അടിസ്ഥാന വിവരങ്ങൾ മുതലായവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
3. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. ബിൽഡിങ് പെർമിറ്റിനുള്ള അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിലുള്ള കാലതാമസവും അനധികൃത നിർമ്മാണപ്രവൃത്തികൾ പഞ്ചായത്ത് പ്രദേശത്ത് നടക്കുന്നതും ആശാവഹമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് | 27.10.2021 | 2021 ആഗസ്റ്റ്, | 27.10.2021 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | സെപ്തംബർ | |
| എ.ജി ഓഡിറ്റ് | ലഭ്യമല്ല | 1997-98 മുതൽ 2009-10 വരെ | 16-08-2013 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായത്തിനായി ചെലവഴിച്ച 510000/- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വാർഷിക കണക്കുകൾ B-5 ഷെഡ്യൂൾ പ്രകാരം 12437667/- ലോൺ ഇനത്തിൽ തിരിച്ചടക്കാനുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3) താഴെ പറയുന്ന ഇനത്തിൽ വാർഷികകണക്ക്, ഡി.സിബി രജിസ്റ്റർ എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | AFSപ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| Profession Tax Employees (കളക്ഷൻ) | 1729220 | 1686970 | 42250 |

4) വാർഷിക കണക്കുകൾ B-18 ഷെഡ്യൂൾ പ്രകാരം 882126/- രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട് എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

5) ജി.ഒ(പി) നമ്പർ 319/2003/ഫിൻ. തിയ്യതി-12.06.2003 പ്രകാരമുള്ള ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഹെഡ് ഓഫ് അകൌണ്ട് പ്രകാരം ഡെപ്പോസിറ്റുകളെ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

6) താഴെ പറയുന്ന ഇനങ്ങളിൽ വാർഷിക കണക്ക് പ്രകാരം വരവുണ്ടെങ്കിലും ഡി.സി.ബി രജിസ്റ്ററിൽ ഇത് സംബന്ധിച്ച സംഗ്രഹം എഴുതിയിട്ടില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള വരവ് |
|---|---|
| Permit Fee For Construction Of Buildings | 98920 |
| Rent Receivables From Buildings (Current) | 628398 |
| Rent Receivables From Buildings (Arrears) | 151666രൂപയും |

## 1-12 രശീത് ബുക്ക് ,അവയുടെ സ്റ്റോക്ക് രജിസ്റ്റർ-അകൌണ്ട്സ് ചട്ടങ്ങൾ പാലിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 83 പ്രകാരം ലഭിച്ച രശീത് ബുക്കുകൾ സ്റ്റോക്ക്ബുക്കിൽ എഴുതി ചേർക്കേണ്ടതും രശീത് ബുക്കുകൾ ഇഷ്യൂ ചെയ്യേണ്ടത് അവയുടെ ക്രമ നമ്പരിലുമാണ്. ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളൊഴികെ പൂർണ്ണമായി രശീതികൾ ഉപയോഗിച്ച് തീരാതെ പുതിയ രശീതി ബുക്ക് നല്കാൻ പാടില്ലാത്തതും ഇപ്രകാരം നല്കുകയാണെങ്കിൽ കാരണം വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

1) 25.02.2020 ന് സ്റ്റോക്കിൽ എടുത്തിട്ടുള്ള 25 രശീത് ബുക്കുകളിൽ ( 13326 മുതൽ 13350 വരെ) 13332 മുതൽ 13339 വരെ (8 എണ്ണം)യുള്ള ബുക്കുകളും, 05.02.2021 ന് സ്റ്റോക്കിൽ എടുത്തിട്ടുള്ള (1701 മുതൽ 1750വരെ) 50 ബുക്കുകളിൽ 1704, 1705 എന്നീ ബുക്കുകളും ഇഷ്യൂ ചെയ്തത് സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടില്ല.

2) രശീത് ബുക്കുകൾ ഇഷ്യൂ ചെയ്യുന്നത് അവയുടെ നമ്പർ ക്രമത്തിൽ അല്ല.

3) ഒന്നിൽ കൂടുതൽ രശീതി ബുക്ക് നല്കാവുന്ന സാഹചര്യത്തിൽ ആയതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തുന്നില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ.02/2020-21 തിയ്യതി -02.03.2022)ക്ക് 13332, 1333, 13334, 13335, 13336, 13337, 13338, 13339, 1704, 1705 രശീത് ബുക്കുകൾ ഇഷ്യൂ ചെയ്ത ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തി മറുപടി നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ

പെർമിറ്റ് രജിസ്റ്റർ മതിയായ രേഖപ്പെടുത്തലുകൾ ഇല്ല.

സർക്കുലർ നമ്പർ 12900/ആർ.എ1/2015 /ത.സ്വ.ഭ.വ തിയതി:02.12.2015 പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. രജിസ്റ്റർ 20.06.2007 ലെ 24136/ആർ.എ1 /2007/ത.സ്വ.ഭ.വ സർക്കുലറിലെ അപൻഡിക്സ് ഒന്നിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തയ്യാറാക്കി കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള പെർമിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്. പല അപേക്ഷകളിലേയും കെട്ടിടത്തിന്റെ നമ്പർ ഓഫ് ഫ്ലോർസ് & ഫ്ലോർ ഏരിയ , ഫ്ലോർ സ്പെസ് ഇൻഡക്സ്, ഫീ റെമിറ്റഡ്, ഡേറ്റ് ഓഫ് സബ്മിഷൻ ബൈ ക്ലർക്ക്, ഡേറ്റ് ഓഫ് റിട്ടേൺ, ഡേറ്റ് ഓഫ് ഇൻറ്റിമേഷൻ ടു അപ്ലിക്കന്റ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

ആയതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

അപേക്ഷകളിൽമ്മേൽ തുടർ നടപടികൾ ഇല്ലാതെ കെട്ടികിടക്കുന്നത് സംബന്ധിച്ച്.

2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 13 പ്രകാരം പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസ്സത്തിനകം സെക്രട്ടറി അപേക്ഷ സംബന്ധിച്ച് തീരുമാനം അറിയിക്കേണ്ടതാണ്. എന്നാൽ പെർമിറ്റിനുള്ള നിരവധി അപേക്ഷകളിൽ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ 4ാം വാർഡിലെ താമസ്സക്കാരനായ ശ്രീ. ജുനൈസ് ബാബു ഏനുണ്ട്പറമ്പിൽ 24.08.2020 ന് സമർപ്പിച്ച പെർമിറ്റ് അപേക്ഷയിൽ (ഫയൽ നം- 3795/20) നടപടി സ്വീകരിക്കാത്തതിനാൽ അദ്ദേഹം 29.12.2021 ന് ഇതു സംബന്ധിച്ച് ( നം-2338/2021 ) പരാതി സമർപ്പിച്ചിരുന്നു. എന്നാൽ പരാതിയിന്മേൽ നാളിതു വരെ നടപടി ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പെർമിറ്റ് നേടാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ തൻവർഷം നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ്, റഗുലറൈസേഷൻ എന്നീ ഇനങ്ങളിലെ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പെർമിറ്റ് നേടാതെ നിരവധി നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്.

| അപേക്ഷയുടെ തരം | അനുവദിച്ച എണ്ണം |
|---|---|
| കെട്ടിട നിർമ്മാണ പെർമിറ്റ് | 72 |
| റഗുലറൈസേഷൻ | 108 |

പെർമിറ്റ് നേടിയ നിർമ്മാണങ്ങളേക്കാൾ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ.04/2020-21 തിയ്യതി -02.03.2021) ക്ക് നൽകിയിട്ടുള്ള മറുപടിയിൽ രജിസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, പെർമിറ്റ് അപേക്ഷകളിലെ അപാകതക്ക് കത്ത് അയച്ചിട്ടും ആയത് പരിഹരിക്കാതെയുള്ള അപേക്ഷകൾ മാത്രമാണ് നടപടി സ്വീകരിക്കാതെ കിടക്കുന്നത് എന്നറിയിച്ചിട്ടുണ്ട്. ശ്രീ. ജുനൈസ് ബാബു ഏനുണ്ട്പറമ്പിൽ 24.08.2020 ന് സമർപ്പിച്ച പെർമിറ്റ് അപേക്ഷയിൽ സ്ഥലം നിലം ഭൂമി ആയതിനാലാണ് നടപടി സ്വീകരിക്കാത്തത് എന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ ബന്ധപ്പെട്ട രജിസ്റ്ററുളിലോ ഫയലുകളിലോ മറുപടി പ്രകാരം അറിയിച്ചിട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ നിർമ്മാണങ്ങളേയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 വാടക-വലിയ തുക കുടിശ്ശിക നിൽക്കുന്നു.

തിരുന്നാവായ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള പട്ടർനടക്കാവ്, തിരുനാവായ ഷോപ്പിംഗ് കോപ്ലക്സുകളിലെ 38 മുറികളാണ് വാടകക്ക് നൽകുന്നത്. വാടകയിനത്തിൽ ഇത് വരെ 857777/- രൂപ കുടിശ്ശികയുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഷോപ്പിംഗ് കോപ്ലക്സ് | മുറി നമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|---|
| തിരുനാവായ | 11/217 | ബീരാൻക്കുട്ടി ചിറയിൽ | 26576 |
| പട്ടർനടക്കാവ് | 7/604 | മുസ്തഫ ചങ്ങണക്കാട്ടിൽ | 8336 |
| | 7/605 | ഹൈദ്രോസ് പൊട്ടശ്ശോല | 10334 |
| | 7/621 | സസജീബ് കെ.പി | 7406 |
| | 7/623 | മിൻഹാജ്, തിരുവാക്കളത്തിൽ | 52936 |
| | 7/625 | ദിലീപ് പൊട്ടശ്ശോല | 274566 |
| | 7/626 | ഉമ്മർ വരിയതാഴത്ത് | 51002 |
| | 7/632 | അലവിക്കുട്ടി കളപ്പാട്ടിൽ | 103342 |
| | 7/636 | കബീർ മാങ്കടവത്ത് | 48230 |
| | 7/637 | കബീർ മാങ്കടവത്ത് | 24115 |

| | | | |
|---|---|---|---|
| | 7/643 | ജാഫർ അലി ചൂരപ്പുലാക്കൽ | 250934 |
| ആകെ | | | 857777/-രൂപ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ.24/2020-21 തിയ്യതി -07.03.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിലെ കുടിശ്ശിക തുക ഈടാക്കി സ്വീകരിച്ച വിവരം ഓഡിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ ആഡിറ്റോറിയം വർക്ക്ഷോപ്പ്, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നീ ഉപയോഗ ക്രമങ്ങൾ കൂടി ഉൾപ്പെടുത്തി കെട്ടിടങ്ങൾക്ക് ചുമത്തുന്ന വസ്തു നികുതി നിരക്കിൽ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ ആഡിറ്റോറിയം വർക്ക്ഷോപ്പ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നീ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് തിരുനാവായ ഗ്രാമപഞ്ചായത്തിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.03/2020-21 തിയ്യതി -02.03.2021) ക്ക് ഭേദഗതി വിജ്ഞാപന പ്രകാരമുള്ള വസ്തു നികുതി നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-16 തൊഴിൽനികുതി അപാകതകൾ

എ. സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മവേലിസ്റ്റോർ | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | BSNL Thrunavaya | ഒന്നാം അർദ്ധവർഷം |
| 3 | Thirunavaya Service Co-op Bank, Thirunavaya | ഒന്നാം അർദ്ധവർഷം |
| 4 | SBT Thirunavaya | ഒന്നും രണ്ടും അർദ്ധവർഷം |

ബി. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും താഴെ പറയുന്ന സ്ഥാപനങ്ങളിലെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഇതുമൂലം ടി സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി അടവാക്കിയതിന് വ്യക്തതയില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | MES Central School, Thirunavaya | 1st Half |
| 2 | MET EMHS, Kazhuthakkara | 2nd Half |
| 3 | SDO, Southern Railway, Palakkad | 2nd Half |
| 4 | SDO, Southern Railway, Tirur | 2nd Half |
| 5 | ഖിദ്കത്ത് സ്കൂൾ എടക്കുളം, പട്ടർനടക്കാവ് | 1st & 2nd Half |
| 6 | Markas HS, Karathur | 1st & 2nd Half |
| 7 | Happy Poly Store | 2nd Half |
| 8 | District Tourism Promotion | 1st & 2nd Half |
| 9 | MGNREGS, Thirunavaya | 1st Half |

| | | |
|---|---|---|
| 10 | MET, EMHS, Kuthukallu | $2^{nd}$ Half |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

സി. ദിവസവേതനവ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല

താഴെ പറയുന്ന ജീവനക്കാർ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുവരുന്നവരാണ്. എന്നാൽ ഇവരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|
| 1 | അബ്ദുൾ സമദ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ | ഗ്രാമപഞ്ചായത്ത് |
| 2 | സാന്ദ സി.പി, ക്ലാർക്ക് | ഗ്രാമപഞ്ചായത്ത് |
| 3 | അബ്ദുൾ റസാഖ്, ഡ്രൈവർ | ഗ്രാമപഞ്ചായത്ത് |
| 4 | ഡോ.രാജീവ് ദാസ് മെഡിക്കൽ ഓഫീസർ | PHC |
| 5 | ഫാത്തിമ മുംതാസ്, ഫാർമസിസ്റ്റ് | PHC |
| 6 | മുഹമ്മദ് ഹസ്സൻ, ഫാർമസിസ്റ്റ് കം അറ്റന്റർ | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ |
| 7 | ഷഹനാസ് കെ.കെ, അറ്റന്റർ | NHM ഹോമിയോ |

മേൽ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

കൂടാതെ പഞ്ചായത്ത് പരിധിയിലെ ബിൽഡിങ് സൂപ്പർവൈസർമാർ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുതത് നടത്തിയ കരാറുകാർ എന്നിവരിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെറുപറമ്പ് കോളനി NMHSSറോഡ് ഡ്രൈനേജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇനം 4 ആയി M20 ഗ്രേഡ് സിമന്റ് കോൺക്രീറ്റ് ചെയ്യതിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള 7540.44/$m^3$ നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് സെന്ററിങ് & ഷട്ടറിങ് കൂടാതെ കമ്പി ഉപയോഗിച്ച് കോൺക്രീറ്റ് (RCC- മോർഡ് 11.4.4) ചെയ്യുന്നതിനുള്ള നിരക്കാണ്. ഇവിടെ സെന്ററിങ് ഇല്ലാതെയുള്ള പ്ലെയിൻ സിമന്റ് കോൺക്രീറ്റ് (M20) ആണ് ചെയ്യിട്ടുള്ളത് എന്നതിനാൽ മോർഡ് കോഡ് 11.4.3.1 പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സ്ർവ്ഡ് ഡാറ്റ പ്രകാരമുള്ള 6481.52/$m^3$ നിരക്കാണ് അനുവദനീയമായിട്ടുള്ളത്. 0.075 Cm കനത്തിൽ റീ കോൺക്രീറ്റ് ആണ് ഇവിടെ നിർവ്വഹിച്ചിട്ടുള്ളത്

ചന്ദനക്കാവ് ചെനപ്പുറം ഇല്ലത്തപ്പടി റോഡ് റീ ടാറിങ്, കോൺക്രീറ്റിങ്, മെയിന്റനൻസ് (216/21) എന്ന പ്രവൃത്തിയിൽ 6481.52/$m^3$ ആണ് ഈ ഇനത്തിന് നൽകിയിട്ടുള്ളത്. ഈ ഇനത്തിൽ അധികം നൽകിയ 82472രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക 7540.44/$m^3$ | നൽകാവുന്ന തുക 6481.52/$m^3$ | അധികം (12% GST ഉൾപെടെ) |
|---|---|---|---|---|---|
| 1 | ചെറുപറമ്പ് കോളനി NMHSSറോഡ് ഡ്രൈനേജ് നിർമ്മാണം ( 456/21)<br>ബിൽ 62/31.12.20 തുക 125000<br>ബിൽ 63/31.12.20 | 43.147$m^3$ | 302029<br>@7000/$m^3$<br>(7.167% ടെണ്ടർ കുറവ്)<br>എസ്റ്റിമേറ്റ് പ്രകാരം നിരക്ക് | 259615<br>@6016.99/$m^3$<br>(7.167% ടെണ്ടർ കുറവ്) പ്ലെയിൻ സിമന്റ് കോൺക്രീറ്റിന് നൽകാവുന്ന നിരക്ക് | 47504 |

| | | | | | |
|---|---|---|---|---|---|
| | തുക 341927<br>കരാർ 55/16.7.20<br>അളവ് പുസ്തകം 125/19-20<br>കോൺട്രാക്ടർ ശ്രീ. ടി.കെ അബ്ദുൽ റസാഖ്<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| 2 | ചെറുപറമ്പ് കോളനി NMHSSറോഡ് റോഡ് പുനരുദ്ധാരണം ( 422/21)<br>ബിൽ 95/16.3.21 തുക 248993<br>കരാർ 46/18.11.2019<br>അളവ് പുസ്തകം 89/19-20<br>കോൺട്രാക്ടർ ശ്രീ. അബ്ദുൽ മജീദ് .പി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 29.557$m^3$ | 222316<br>(0.25% ടെണ്ടർ കുറവ് ) | 191095<br>@6465.32/<br>0.25%ടെണ്ടർ കുറവ് അടിസ്ഥാന നിരക്ക് 6481.52/എം2 | 34968 |
| ആകെ | | | | | 82472 |

ഓഡിറ്റ് എൻക്വയറി 31/2020-21/8.3.2022 നൽകിയതിന് - 11.4.3.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഡാറ്റയിൽ നിന്ന് 40 Mm മെറ്റലിന്റെ നിരക്ക് ഒഴിവാക്കിയാൽ റോഡിന് ഉറപ്പ് കുറയും എന്ന് മുകളിൽ നിന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് 11.4.4 പ്രകാരമുള്ള ഡാറ്റയിൽ നിന്ന് ഫോം വർക്കിന്റെ നിരക്ക് ഒഴിവാക്കിയ നിരക്ക് ഈ പ്രവൃത്തിക്ക് നൽകിയത് എന്ന് മറുപടി ലഭ്യമാക്കി.

11.4.4 പ്രകാരമുള്ള നിരക്ക് RCC ക്ക് നൽകുന്ന നിരക്കാണ്. ഇവിടെ സിമന്റ് കോൺക്രീറ്റ് ആണ് ചെയ്തിട്ടുള്ളത് എന്നതിനാൽ 11.4.4 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല. മാത്രമല്ല ഗ്രാമ പഞ്ചായത്തിൽ തന്നെ മറ്റൊരു പ്രവൃത്തിക്ക് 6481.52/$m^3$ നിരക്കാണ് നൽകിയിട്ടുമുള്ളത്. ആയതിനാൽ മറുപടി സ്വീകാര്യമല്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-18 ജനൽ കമ്പി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പകൽ വീട് നിർമ്മാണം (429/21) എന്ന പ്രവൃത്തിയുടെ ഇനം 14 ആയി മരം കൊണ്ടുള്ള ജനൽ ഫ്രെയിമിൽ എം എസ് റൗണ്ട് (കമ്പി) സ്ഥാപിച്ചതിന് DSR 9.48.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് വെൽഡിങ്ങ് പ്രവൃത്തികൾ ഉൾപ്പെടുന്ന നിരക്കാണ്. എന്നാൽ ഇവിടെ ചെയ്ത പ്രവൃത്തിയിൽ വെൽഡിങ് ആവശ്യമില്ലാത്തതായതിനാൽ DSR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പകൽ വീട് നിർമ്മാണം | 131.735Kg | 16467<br>@125/Kg | 9050<br>@68.70/Kg | 8307<br>(12% നികുതി |

| | | | | | |
|---|---|---|---|---|---|
| | (429/21)<br>ബിൽ 145/31.3.2021 തുക 268800<br>ബിൽ 146/31.3.2021 തുക 460047<br>ചെക്ക് /29.3.2021 തുക 150539<br>കരാർ 28/29.5.2020<br>അളവ് പുസ്തകം 78/20-21<br>കോൺട്രാക്ടർ ശ്രീ ഹുസൈൻ.വി<br>കോസ്റ്റ് ഇൻഡക്സ് 31.06% | | (15.19% ടെണ്ടർ കുറവിന് ശേഷം<br>എസ്റ്റിമേറ്റ് നിരക്ക് @147.38/Kg) | (15.19% ടെണ്ടർ കുറവിന് ശേഷം<br>എസ്റ്റിമേറ്റ് നിരക്ക് @81.01/Kg) | ഉൾപ്പെടെ) |

ഓഡിറ്റ് എൻക്വയറി 25/2020-21/8.3.2022 നൽകിയതിന് - സാങ്കേതികാനുമതി ലിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ഇ -ടെണ്ടർ ചെയ്ത് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് അനുവദിച്ച് പ്രവൃത്തി നിർവ്വഹിച്ചത് എന്ന് മറുപടി ലഭ്യമാക്കി. എസ്റ്റിമേറ്റിൽ തെറ്റായ നിരക്കാണ് നൽകിയത് എന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-19 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി ട്രസ്സ് വർക്ക് ചെയ്തതിന് (റെക്ടാങ്കുലർ ഹോളോ പൈപ്പ്) ട്രസ്സ് വർക്കിന് ബാധകമായ DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 8.3.2022 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തി സിംഗിൾ സെക്ഷൻ ആണെന്ന് വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധികം നൽകിയ 20537 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക DSR 10.16.1 പ്രകാരം | നൽകാവുന്ന തുക 50.10.2 പ്രകാരം | അധികം |
|---|---|---|---|---|---|
| 1 | വെറ്ററിനറി പോസ്പിറ്റൽ മെയിന്റനൻസ് (425/21)<br>ബിൽ 118/22.2.2021 തുക 249310<br>കരാർ 148/22.6.2020<br>അളവ് പുസ്തകം 44/19-20<br>കോൺട്രാക്ടർ ശ്രീ. ഷാഹുൽ ഹമീദ് | 1608.515Kg | 190255<br>@118.28/Kg | 171918<br>@106.88/Kg | 20537<br>(12% GSST ഉൾപ്പെടെ) |

| | | | | | |
|---|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ് 31.06% | | | | | |

ഓഡിറ്റ് എൻക്വയറി 18/2020-21/7.3.2022 നൽകിയതിന് ധാരാളം കട്ടിങ്ങും, വെൽഡിങ്ങും, ജോയിന്റ്സും വരുന്നതിനാലാണ് ബിൽട്ടപ് സെക്ഷന്റെ നിരക്ക് നൽകിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

സാധാരണ രീതിയിൽ കോമൺ റാഫ്റ്ററുകൾ, ജാക്ക് റാഫ്റ്ററുകൾ, വാൾ പ്ലൈറ്റ് തുടങ്ങിയവ മാത്രമാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ചെറിയ മെമ്പേഴ്സ് ഉപയോഗിച്ച് താഴെ നിന്ന് സെറ്റ് ചെയ്ത് മേൽ കൂരയിൽ ഫിറ്റ് ചെയ്യുന്ന രീതിയിലുള്ള ബിൽട്ടപ് സെക്ഷൻ വർക്കുകളല്ല ഇവിടെ ചെയ്തിട്ടുള്ളത് എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായതാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-20 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 18821 രൂപ തിരിച്ചടവാക്കി.

1. മണ്ണ് ഫില്ലിങ് - അധിക നിരക്ക് നൽകി

മുട്ടിക്കാട് മാന്തളം റോഡ് ( 276/20) എന്ന പ്രവൃത്തിയുടെ എക്സ്ട്ര ഇനം 2 ആയി റോഡിൽ 29.10$m^3$മണ്ണ് നിറച്ചതിന് ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ്ഡാറ്റ 50.2.25.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇവിടെ വലിയ ഏരിയ ഉള്ള തുറന്ന സ്ഥലമായതിനാൽ തുറന്ന സ്ഥലത്ത് മണ്ണ് നിറക്കുന്നതിനുള്ള 50.2.26.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവും. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ഓഡിറ്റ് എൻക്വയറി 17 /2020-21/7.3.2022നൽകിയതിനെ തുടർന്ന് അധികം നൽകിയ 4097 രൂപ 1210107520/8.3.2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഏരിയ | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മുട്ടിക്കാട് മാന്തളം റോഡ് ( 276/20)<br>ചെക്ക് /3.8.2019 തുക 198008<br>കരാർ 91/15.12.2018 കോൺട്രാക്ടർ ശ്രീ.എ.ഹംസ<br>അളവ് പുസ്തകം 112/18-19<br>കോസ്റ്റ് ഇൻഡക്സ് 37.25% | 29.10$m^3$ | 12431<br>@427.19/$m^3$ | 8334<br>@286.39/$m^3$ | 4097 |

2.പ്ലാസ്റ്ററിങ് - അധിക നിരക്ക് നൽകി

ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി കെട്ടിടത്തിന്റെ ചുമരുകളിൽ പ്ലാസ്റ്ററിങ് പ്രവൃത്തി ചെയ്തതിന് DSR കോഡ് 13.7.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR കോഡ് 13.1.1 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. ഓഡിറ്റ് എൻക്വയറി 19/20-21/6.3.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 11316 രൂപ 1210107519/8.3.2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|
| 124-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം (384/21)<br>ബിൽ 22/20.11.2020 തുക 865000<br>തനത് ഫണ്ട് ചെക്ക് /2.11.2020 തുക 130429<br>കരാർ 127/5.3.2019<br>അളവ് പുസ്തകം 111/19-20<br>കോൺട്രാക്ടർ ശ്രീ.എ.ഹംസ | 199.86$m^2$ | 58757<br>@<br>293.99/$m^2$ | 47441<br>237.37/$m^2$ | 11316 |

| | | | | |
|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ് 37.25% | | | | |

3. ട്രസ്സ് വർക്ക് അധിക നൽകി

ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ട്രസ്സ് വർക്ക് ചെയ്തതിന് (റെക്ടാങ്കുലർ ഹോളോ പൈപ്പ്) ട്രസ്സ് വർക്കിന് ബാധകമായ DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി സിംഗിൾ സെക്ഷൻ ആണ്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. ഓഡിറ്റ് എൻക്വയറി 18/2020-21/7.3.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 3408രൂപ 1210107636 /9.3.2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക DSR 10.16.1 പ്രകാരം | നൽകാവുന്ന തുക 50.10.2 പ്രകാരം | അധികം |
|---|---|---|---|---|---|
| 1 | എടക്കുളം സബ്സെന്റർ റിപ്പയർ (267/20 )<br>ബിൽ 54/20.2.2020 തുക 184415<br>കരാർ 33/31.8.2018<br>അളവ് പുസ്തകം 103/18-19<br>കോൺട്രാക്ടർ ശ്രീ. ഹംസ.എ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 285.36Kg | 35348<br>@123.87/Kg | 31940<br>@111.93/Kg | 3408 |

## 1-21 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച വിവിധ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 32/20-21/9.3.2022 നൽകിയതിന് ഈ കാര്യാലയത്തിൽ ഈ ടെണ്ടർ നടത്തുന്നതിലേക്കായി കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അക്കൗണ്ട് ലഭിച്ച ശേഷം തുക തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-22 മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തി - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുണ്ടനി കണ്ടംപാറ റോഡ് സൈഡ് കോൺക്രീറ്റ് (370/19) എന്ന പ്രവൃത്തിയുടെ ഇനം 1 ആയി 346.968/$m^3$ മണ്ണ് കിളച്ചെടുത്തതിന് DSR 2.1.1 പ്രകാരം 72.74/$m^2$ നിരക്കിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിന് DSR 2.8.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവുന്നതാണ്.

DSR 2.1.1 പ്രകാരമുള്ള ഡാറ്റ 1.5മീറ്ററിൽ അധികരിക്കുന്ന വീതിയിലുള്ള മണ്ണ് കിളച്ചെടുക്കലിന് ഉപയോഗിക്കുന്നതാണ്. എന്നാൽ ഈ പ്രവൃത്തി ശരാശരി ഒരു മീറ്റർ വീതിയിലും 15cm കനത്തിലും ആണ് ചെയ്തിട്ടുള്ളത്. റോഡിന്റെ ഇരുവശത്തും ഐറിഷ് ഡ്രൈൻ നിർമ്മിക്കാനുള്ള ഈ പ്രവൃത്തിക്ക് ഡ്രൈൻ നിർമ്മാണത്തിന് മണ്ണ് കിളച്ചെടുക്കാൻ നല്കുന്ന DSR കോഡ് 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|
| കുണ്ടനി കണ്ടംപാറ റോഡ് സൈഡ് കോൺക്രീറ്റ് (292/20)<br>ബിൽ 38/24.9.19 തുക 390000 | 25238<br>346.968$m^2$<br>@72.74/$m^2$ | 11887<br>52.05$m^3$<br>@228.38/$m^3$ | 13351 |

| | | | |
|---|---|---|---|
| ചെക്ക് 29.3.2019 തുക 10000<br>അളവ് പുസ്തകം 82/18-19<br>കരാർ. 114/1.2.2019<br>കരാറുകാരൻ ശ്രീ. കുഞ്ഞഹമ്മദ്. സി.പി | | (346.968*0.15cm=52.05) | |

കുറിപ്പ് - DSR 2.1.1 പ്രകാരം മൺപണിക്കുള്ള നിരക്ക് മീറ്റർ സ്ക്വയറിലും (നീളവും വീതിയും മാത്രം എടുക്കുന്നു) DSR 2.8.1 പ്രകാരം മൺപണിക്കുള്ള നിരക്ക് മീറ്റർ ഘന മീറ്ററിലും (നീളവും വീതിയും ഉയരവും എടുക്കുന്നു) ആണ് കണക്കാക്കുന്നത്.

ഓഡിറ്റ് എൻക്വയറി 20/20-21/6.3.2022 നൽകിയതിന് - 30cm വരെയുള്ള ഡെപ്തിൽ മണ്ണ് എടുക്കുന്നതിന് ഉപയോഗിക്കുന്നതാകയാലാണ് ഈ നിരക്ക് നൽകിയത് എന്ന മറുപടി ലഭ്യമാക്കി. റോഡിന്റെ ഇരുവശത്തും ഐറിഷ് ഡ്രൈൻ നിർമ്മിക്കാനുള്ള ഈ പ്രവൃത്തിക്ക് ഡ്രൈൻ നിർമ്മാണതിനുള്ള DSR കോഡ് 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നതിനാൽ മറുപടി സ്വീകാര്യമല്ല

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-23 നിർമ്മാണ തൊഴിലാളി ക്ഷേ നിധി - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അസിസ്റ്റന്റ് എഞ്ചിനീയർ -രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2. തനത് ഫണ്ട് ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന തുകകളുടെ ചെക്ക് നമ്പർ, തീയ്യതി എന്നിവ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

4. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി,സമയം, ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.
അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 251പദ്ധതികൾ തയ്യാറാക്കിയതിൽ 169 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 89പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 33 പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ പഞ്ചായത്തിനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 251 | ആകെ അടങ്കൽ | 59164605 |
| നടപ്പിലാക്കിയത് | 169 | ചെലവ് | 34042748 |

| | | | |
|---|---|---|---|
| ശതമാനം | 67.33% | ചെലവ് ശതമാനം | 57.54% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

III. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല .

2019-20 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

IV. പ്രവൃത്തി പൂർത്തീകരിച്ചാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ധേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ സ്വീകരിച്ചില്ല. ഗ്രാമ പഞ്ചായത്തിന് 1.85 ലക്ഷം രൂപയുടെ നഷ്ടം

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ ചുവടെ കാണിച്ച 6 പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിലും വളരെ കുറഞ്ഞ നിരക്കാണ് കരാറുകാർ ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഭരണ സമിതിയുടെ 16.7.2020 ലെ 2(1) തീരുമാന പ്രകാരം മേൽ ടെണ്ടറുകൾ റദ്ധ് ചെയ്തു. പിന്നീട് ഇവ റീടെണ്ടർ ചെയ്തപ്പോൾ എസ്റ്റിമേറ്റ് നിരക്ക് മാത്രമാണ് കരാറുകാർ ക്വാട്ട് ചെയ്തത്. ഇത്തരത്തിൽ ഭരണ സമിതിയുടെ തെറ്റായ തീരുമാനം മൂലം ഗ്രാമ പഞ്ചായത്തിന് 185691 രൂപ നഷ്ടം സംഭവിച്ചു.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് )ചട്ടങ്ങൾ 1997 ചട്ടം 11(1)പ്രകാരം ലഭ്യമായ ടെണ്ടർ നിരക്കുകൾ സ്വീകാര്യമല്ലെന്ന് തോന്നുകയോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ മാത്രമാണ് പ്രവൃത്തികൾ റീടെണ്ടർ ചെയ്യേണ്ടത്. എന്നാൽ ഇവിടെ 3 പ്രവൃത്തികളുടെ ടെണ്ടറിൽ 4 പേരും മറ്റ് 3 പ്രവൃത്തികളുടെ ടെണ്ടറിൽ 2 പേരും പങ്കെടുത്തിട്ടുണ്ട്. ഇവയെല്ലാം എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണ് കരാറുകാർ ക്വാട്ട്

ചെയ്തിട്ടുള്ളത്. ആയതിനാൽ ഈ ടെണ്ടറുകളും റദ്ധാക്കി മറ്റ് പ്രവൃത്തികൾക്കൊപ്പം റീ ടെണ്ടർ ചെയ്യാൻ തീരുമാനിച്ച ഭരണ സമിതിയുടെ തീരുമാനം ശരിയല്ല.

16.7.2020 ലെ ഭരണ സമിതി തീരുമാനം ഇപ്രകാരമാണ്. 2020-21 ൽ ഏറ്റെടുത്തിട്ടുള്ള 38 പൊതു മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ 6 പ്രവൃത്തികൾക്ക് മാത്രമാണ് ടെണ്ടർ ലഭിച്ചത്. ടെണ്ടർ ലഭിച്ച പ്രവൃത്തികൾ എല്ലാം കോൺക്രീറ്റ് വിഭാഗത്തിൽ പെടുന്നവയായിരുന്നു എന്നും, ടാർ/റീ ടാറിങ് വിഭാഗത്തിൽ പെടുന്ന മറ്റ് 32 പ്രവൃത്തികൾക്ക് ടെണ്ടറൊന്നും ലഭിച്ചിട്ടില്ല എന്നും യോഗം വിലയിരുത്തി. കോൺക്രീറ്റ് പ്രവൃത്തികൾ പൊതുവെ കരാർ പോകുന്നവയാണെന്നും രണ്ട് തരം വർക്കുകൾ ഒരുമിച്ച് ടെണ്ടർ ചെയ്യുന്നതാണ് ഉചിതമെന്നും യോഗം നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 38 പൊതു മരാമത്ത് പ്രവൃത്തികളും റീ ടെണ്ടർ ചെയ്യുന്നതിന് LSGD അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു എന്നാണ് 16.7.2020 ലെ ഭരണ സമിതി തീരുമാനത്തിലുള്ളത്.

എന്നാൽ മേൽ തീരുമാനങ്ങൾ വസ്തുതാ വിരുദ്ധമായതും തെറ്റായതുമാണ്.

1. 7.7.20 ലെ ടെണ്ടറിൽ 29 പ്രവൃത്തികൾക്കാണ് ടെണ്ടർ വിളിച്ചിട്ടുള്ളത്. ലിസ്റ്റിലുള്ള 9 പ്രവൃത്തികളുടെ ടെണ്ടർ സാങ്കേതികമായി ഒഴിവാക്കി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (ടെണ്ടർ രജിസ്റ്റർ പേജ് -1 -38)

2. ഇവയിൽ ആകെ 9 പ്രവൃത്തികൾക്കാണ് ടെണ്ടർ ലഭിച്ചത്.

3. 6 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കും 3 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കുമാണ് കരാറുകാർ ക്വാട്ട് ചെയ്തത്.

4. ഇവയിൽ ടാറിങ് പ്രവൃത്തികൾക്ക് മാത്രമല്ല 9 കോൺക്രീറ്റ് പ്രവൃത്തികൾക്കും ടെണ്ടർ ലഭിച്ചിട്ടില്ല.

ടെണ്ടർ ലഭിക്കാത്തതായി കോൺക്രീറ്റ് പ്രവൃത്തികളും ഉണ്ടെന്നിരിക്കെ ടാറിങ് പ്രവൃത്തികൾക്ക് മാത്രമാണ് ടെണ്ടർ ലഭിക്കാത്തതെന്ന തെറ്റായ വിലയിരുത്തൽ നടത്തി കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ നിരസിച്ചത് വഴി ഗ്രാമ പഞ്ചായത്തിന് വലിയ തുക നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | ആദ്യ ടെണ്ടറിലെ നിരക്ക്. | റീടെണ്ടർ പ്രകാരമുള്ള നിരക്ക് | നൽകിയ തുക (റീ ടെണ്ടർ പ്രകാരം) 12% GST ഉൾപ്പെടെ | നൽകാവുന്ന തുക (ആദ്യ ടെണ്ടർ കുറവ് പ്രകാരമുള്ള തുക) | അധികം |
|---|---|---|---|---|---|---|
| 1 | റെയിൽവേ സ്റ്റേഷൻ പൊറ്റത്തെ പള്ളിയാൽ റോഡ് കോൺക്രീറ്റ് 149/21 ചെക്ക് 2384437/8.2.2021 തുക 199594 | 20.9% ടെണ്ടർ കുറവ് | എസ്റ്റിമേറ്റ് നിരക്ക് | 199594 (178209+21385) | 157879 (140963+6916) | 41715 |
| 2 | മങ്കളത്ത് വലിയ പറപ്പൂർ റോഡ് കോൺക്രീറ്റ് 161/21 2384437/8.2.2021 തുക 199784 | 26.2% ടെണ്ടർ കുറവ് | ,, | 199784 (178379+21405) | 147441 131644+15797 | 52343 |
| 3 | പാലത്തുംകുണ്ട് ശ്മശാനം റോഡ് കോൺക്രീറ്റ് 153/21 2384437/8.2.2021 തുക 199929 | 21.76% ടെണ്ടർ കുറവ് | ,, | 199929 (178508+21421) | 156425 | 43504 |
| 4 | വലിയ പറപ്പൂർ കായൽ റോഡ് കോൺക്രീറ്റ് 136/21 2384447/26.3.2021 | 17.786% ടെണ്ടർ കുറവ് | ,, | 199775 (178371+21404) | 164243 | 35532 |

| | | | | | | |
|---|---|---|---|---|---|---|
| | തുക 199775 | | | | | |
| 5 | വലിയ പറപ്പൂർ സി.വി റോഡ് കോൺക്രീറ്റ് 159/21 2384447/26.3.2021 തുക 99894 | 12.61% ടെണ്ടർ കുറവ് | „ | 99894 (89191+10703) | 87297 | 12597 |
| | | | | | | 185691 |
| 6 | 211/21 | 22.1% ടെണ്ടർ കുറവ് | „ | ഓഡിറ്റ് കാലയളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. | | |
| | | | | | | |

ഓഡിറ്റ് എൻക്വയറി 21 /20-21/7.3.2022 നൽകിയതിന് - സീകാര്യമായ ടെണ്ടറുകളുടെ ലീസ്റ്റ് ഭരണ സമിതിക്ക് സമർപ്പിച്ചിരുന്നു എന്നും, ഭരണ സമിതിയാണ് റീ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചത് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

ഭരണ സമിതിയുടെ തെറ്റായ തീരുമനം സംബന്ധിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. തീരുമാനത്തിനെതിരെ സെക്രട്ടറിയുടെ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ല. തെറ്റായ തീരുമാനം കാരണം ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഭരണ സമിതി യോഗത്തിൽ പങ്കെടുത്ത 22 മെമ്പർമാരും ഉത്തരവാദികളാണ്. തെറ്റായ തീരുമാനം കാരണമുണ്ടായ നഷ്ടം ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സർചാർജ് നടപടി സ്വീകരിക്കുന്നതാണ്.

## 1-27 കുടിവെള്ളം വിതരണം - അപാകതകൾക്ക് പരിഹരിക്കുന്നത് വരെ ചെലവ് തുക 8,91,563 രൂപ തടസ്സം ചെയ്യുന്നു.

വൗച്ചർ നം. 22000187/20-05-2020 : 3,54,142

വൗച്ചർ നം. 22000275/25-06-2020 : 4,78,615

വൗച്ചർ നം. 22000337/29-07-2020 : 58,806

ജല ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച 04-04-2020ലെ എ3/175-ാം നമ്പർ ടെണ്ടർ നോട്ടീസിന് ലഭിച്ചവയിൽ ശ്രീ. ലത്തീഫ് പള്ളത്ത് എന്ന വ്യക്തിയുടെ ലിറ്ററിന് 33 പൈസ നിരക്കിലുള്ള ടെണ്ടർ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

1. കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടറിൽ ശ്രീ. ജാഫർ പരിയാരത്ത് ലിററിന് 26.5 പൈസയും, ശ്രീ.രാജേഷ് ഇ ലിററിന് 28 പൈസയും ആണ് രേഖപ്പെടുത്തിയത്. എന്നാൽ കുടിവെള്ള വിതരണത്തിന് ബാധകമല്ലാത്ത, ജി.എസ്.ടി. റജിസ്ട്രേഷൻ ഇല്ല എന്ന കാരണം രേഖപ്പെടുത്തി ലിറ്ററിന് 33 പൈസ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ലത്തീഫ് പള്ളത്ത് എന്ന വ്യക്തിയെയാണ് 16-04-2020ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തത്. 2017ലെ Kerala State Goods And Services Tax Act ലെ സെക്ഷൻ 23(എ) പ്രകാരം GST ബാധകമല്ലാത്ത ബിസിനസിൽ ഏർപ്പെട്ടവർ റജിസ്ട്രേഷൻ എടുക്കേണ്ടതില്ല. ക്രമ പ്രകാരമല്ലാത്ത ഈ നടപടി മൂലം 1,77,385രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

2. കേരളാ വാട്ടർ അതോരിറ്റിയിൽ നിന്നും വെള്ളം വിതരണം ചെയ്തതിൻെറ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3. GPS സംവിധാനം ഉള്ള വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന് 27.02.2020 ലെ സ.ഉ.(സാധാ) 494/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ട്രിപ്പ് ഷീറ്റ് അല്ല ലഭ്യമാക്കിയിട്ടുള്ളത്. ദുരന്ത നിവാരണ വകുപ്പിൻെറ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 ക്രമ നമ്പർ 9പ്രകാരം ജി.പി.എസ് ട്രിപ്പ് ഷീറ്റ് ഇല്ലാതെ ശുദ്ധജല വിതരണ ബില്ലുകൾ അനുവദിച്ച് നൽകാൻ പാടില്ല.

4. അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ നടപടി സ്വീകരിക്കണമെന്ന് Go(ms)No.13/2015 /ITD/12.05.2015 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 11,00,000 രൂപ ചെലവഴിക്കാൻ അനുമതി ഉള്ള മേൽ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തിട്ടില്ല.

5. ദുരന്ത നിവാരണ വകുപ്പിൻെറ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 പ്രകാരം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക റിക്കൂപ്പ് ചെയ്ത് ലഭിക്കണമെങ്കിൽ ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാകേണ്ടതുണ്ട്. അപ്രകാരം അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ

ആയതിൻ്റെ വിവരം അറിയിക്കേണ്ടതാണ്.

6. ദുരന്ത നിവാരണ വകുപ്പിൻ്റെ മേൽ സർക്കുലർ പ്രകാരം ട്രിപ്പ് ഷീറ്റുകൾ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ, വാർഡ് മെമ്പർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഡ് മെമ്പർമാർ മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

7. വിതരണത്തിനായി ഉപയോഗിക്കുന്ന ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല, ഉപയോഗയോഗ്യമാണ് എന്ന് KWAയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ 02-05-2020 മുതൽ 02-06-2020 വരെ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതിൽ അപ്രകാരമുള്ള പരിശോധനകളൊന്നും നടത്തിയിട്ടില്ല. 07-05-2020ന് ടെസ്റ്റ് ചെയ്ത് സ്വകാര്യ ലാബിൽ നിന്ന് ലഭ്യമായ റിപ്പോർട്ട് മാത്രമാണ് ഫയലിൽ ഉള്ളത്.

ഓഡിറ്റ് എൻക്വയറി നം. 12/20-21/07-03-2022ന് മറുപടിലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് പരിഹരിക്കുന്നത് വരെ ചെലവ് തുക 8,91,563 രൂപ തടസ്സം ചെയ്യുന്നു.

## 1-28 ഫെസ്റ്റിവൽ അഡ്വാൻസ് - തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

2020-21 വർഷത്തിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 22000494/25-09-2020-ാം നമ്പർ വൗച്ചർ പ്രകാരം 1,50,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ മുഴവൻ തുകയും തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്-

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് | നൽകിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീമതി രഹന എം, സീനി.ക്ലർക്ക് | 15,000 | 3,000 | 12,000 |
| 2 | ശ്രീമതി ബിന്ദു വി.സി, സീനി.ക്ലർക്ക് | 15,000 | 3,000 | 12,000 |
| 3 | ശ്രീമതി ജയലക്ഷ്മി, സെക്രട്ടറി | 15,000 | - | 15,000 |

ഓഡിറ്റ് എൻക്വയറി നം . 11/20-21/07-03-2022 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 സ്ട്രീറ്റ് ലൈറ്റ്- സമ്പൂർണ്ണ അറ്റകുറ്റപ്പണി -അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് - സ്ട്രീറ്റ് ലൈറ്റ്- സമ്പൂർണ്ണ അറ്റകുറ്റപ്പണി

നമ്പർ - S0263/2021

അടങ്കൽ - 6,50,000 (തനത് ഫണ്ട്)

വൗച്ചർ നമ്പർ 22000589 /29-09-2020 : 3,10,870

വൗച്ചർ നമ്പർ 22001576 /31-03-2021 : 3,10,870

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയറിനായുള്ള മേൽ പ്രൊജ ക്റ്റിനുള്ള ടെണ്ടർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 05-12-2019ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ട ർ ശ്രീ. അനസ് എസ്, ന്യൂ ടെക് അസോസിയേറ്റ്സ് എന്നയാൾ വിവിധ ഇനം

വിളക്കുകൾക്ക് ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് താഴെ കാണും പ്രകാരമാണ് :

| ക്ര.നം. | വിളക്കുകളുടെ ഇനം | നിരക്ക് |
|---|---|---|
| 1 | CFL Single | 619 |
| 2 | CFL Double | 690 |
| 3 | Tube- Single | 580 |
| 4 | Tube - Double | 610 |
| 5 | Highmast | 44000 |
| 6 | Lowmast | 34000 |

പ്രൊജക്റ്റിൻെറ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് പ്രകാരം , റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം അനുസരിച്ചുള്ള തുകയാണ് നൽകേണ്ടത്. എന്നാൽ ആയത് പരിശോധിക്കാതെ, പ്രൊജക്ട് പ്രകാരമുള്ള തുക വിവിധ ഗഡുക്കളായി നൽകുകയാണ് ചെയ്തിട്ടുള്ളത് .

2. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള , പരാതി റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിൽ മുഴുവൻ വിളക്കുകളും റിപ്പയർ ചെയ്തു എന്നല്ലാതെ , എത്ര വിളക്കുകൾ റിപ്പയർ ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല.

.4. പ്രവൃത്തി നടത്തുന്നതിന് KSEBയിൽ നിന്നും അനുവാദം ലഭ്യമായതിൻെറ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

5. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും ഗ്രാമ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല .

6. കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല.

7. ആകെ ചെലവ് തുകയിൽ 28,260 രൂപയുടെ ചെലവിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം .14/20-21/07-03-2022ന് മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 6,21,740 രൂപ തടസ്സം ചെയ്യുന്നു.

## 1-30 ഗ്രാമ പഞ്ചായത്ത് വികസന പദ്ധതിക്ക് ഡോക്യുമെൻേറഷൻ തയ്യാറാക്കൽ- രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് : ഗ്രാമ പഞ്ചായത്ത ് വികസന പദ്ധതിക്ക് ഡോക്യുമെൻേറഷൻ തയ്യാറാക്കൽ

നം : S0266/2021

അടങ്കൽ - 1,22,750 (തനത് ഫണ്ട്)

വൗച്ചർ നം.22000953/24-12-2020 : 95,000

ഗ്രാമപഞ്ചായത്തിൽ 2015-20 കാലഘട്ടത്തിൽ നടത്തിയ വികസന പരിപാടികൾ ഡോക്യുമെൻറ് ചെയ്യുന്നതിനായി സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 95,000 രൂപ ശ്രീ. ഷാഫി കുന്നത്ത്, ഇൻറർ മീഡിയ, പയ്യനങ്ങാടിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നേരിട്ട് പലതവണ ആവശ്യപ്പെട്ടെങ്കിലും തയ്യാറാക്കിയതായി രേഖപ്പെടുത്തിയ ഡോക്യുമെൻറ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക കൈപ്പറ്റിയ സ്ഥാപനം ടാക്സ് ബിൽ ഹാജരാക്കിയിട്ടില്ല. നൽകിയ തുകയിൽ നിന്നും ഇൻകം ടാക്സ് കുറവ് ചെയ്തിട്ടുമില്ല.

ഓഡിറ്റ് എൻക്വയറി നം. 13/20-21/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 95,000 രൂപ തടസ്സം ചെയ്യുന്നു.

## 1-31 പഞ്ചായത്ത് ഓഫീസിൽ സോളാർ പവർ സ്ഥാപിക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് –പഞ്ചായത്ത് ഓഫീസിൽ സോളാർ പവർ സ്ഥാപിക്കൽ
നമ്പർ – S0086/2021
അടങ്കൽ – 7,50,000 (വികസന ഫണ്ട് )

ബിൽ നം. 61/11-04-2020 : 3,45,042

ബിൽ നം. 62/11-04-2020 : 4,04,958

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 10 KW ഗ്രിഡ് കണക്ട് ചെയ്ത സോളാർ പവർ പ്ലാൻറ് സ്ഥാപിക്കുന്നതിന് ഇൻകെൽ ലിമിറ്റഡ്, കാക്കനാട്, കൊച്ചിക്ക് 7,50,000 രൂപ നൽകിയിട്ടുണ്ട്. ഇൻകെൽ ലിമിറ്റഡ് തുക കൈപ്പറ്റിയതിൻെറ രശീതി, പദ്ധതിയുടെ പൂർത്തീകരണ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 7,50,000രൂപ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം . 28/20-21/08-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-32 കമ്മ്യൂണിറ്റി കിച്ചൺ -സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ ചെലവഴിച്ച തുക തിരികെ അടവാക്കേണ്ടതാണ്.

കോവിഡ് 19 ലോക്ഡൗൺ നിയന്ത്രണങ്ങളെ തുടർന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണിൽ ഭക്ഷണം പാകം ചെയ്യുന്നതിന് പാചകകാരെ നിയമിക്കുന്നതിനും അവർക്ക് പ്രതിദിനം 650 രൂപ പ്രകാരം വേതനം നൽകുന്നതിനും GO(RT)782/2020 Dt 25.4.20220 സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഈ ഉത്തരവിന് 1.4.2020 മുതാണ് പ്രാബല്യം എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചണിൽ മാർച്ച് 26-03-2020 മുതൽ 31-03-2020 വരെ ജോലി ചെയ്തതിൻെറ കൂലി ആയി 650 രൂപ വീതം ആകെ 16,900രൂപ വൗച്ചർ നമ്പർ 22000203/02-06-2020 : 44,200 പ്രകാരം നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം . 29/20-21/08-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിശദീകരണം റിപ്പോർട്ടിനുള്ള ആദ്യമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-33 ടെണ്ടർ നടപടികൾ കൂടാതെ ARTCOയിൽ നിന്നും പർച്ചേസ്-അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ARTCO Ltd, തൃശ്ശൂരിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ലഭ്യമാക്കിയ താഴെപ്പറയുന്ന ഇനങ്ങൾക്ക് തുക നൽകിയിട്ടുണ്ട് :

1. പ്രൊജക്ട് –പഞ്ചായത്ത് ഓഫീസ് എ.സി.പി. ചെയ്ത് നവീകരിക്കൽ
നമ്പർ – S0241/2020
അടങ്കൽ – 14,00,000 (വികസന ഫണ്ട്- 6,00,000 ; തനത് ഫണ്ട് - 8,00,000)

ബിൽ നം. 08/30-04-2020 : 1,00,775

ബിൽ നം. 11/30-04-2020 : 4,99,225

വൗച്ചർ നം. 2200770/09-11-2020 : 7,99,770

കാഷ് ബിൽ നം. 170/28-09-2020 തുക – 3,18,116

കാഷ് ബിൽ നം. 171/28-09-2020 തുക – 4,99,225

കാഷ് ബിൽ നം. 172/28-09-2020 തുക – 5,82,429

2. പ്രൊജക്ട് –പഞ്ചായത്ത് ഓഫീസ് നവീകരണം രണ്ടാം ഘട്ടം
നമ്പർ – S0098/2021
അടങ്കൽ – 15,50,000 (14,99,000 -ധനകാര്യ കമ്മീഷൻ അവാർഡ്, 51,000 - തനത് ഫണ്ട് )

ബിൽ നം. 06/11-04-2020 : 4,94,517

ബിൽ നം. 07/11-04-2020 : 4,97,113

ബിൽ നം. 08/11-04-2020 : 2,74,207

ബിൽ നം. 09/11-04-2020 : 2,30,308

കാഷ് ബിൽ നം. 703/19-03-2020 തുക – 4,94,517

കാഷ് ബിൽ നം. 705/19-03-2020 തുക – 4,97,113

കാഷ് ബിൽ നം. 706/19-03-2020 തുക – 2,74,207

കാഷ് ബിൽ നം. 707/19-03-2020 തുക – 2,30,308

1. പ്രൊജക്ട് പ്രകാരം വാങ്ങിയ ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിനുള്ള സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രൊജക്ടുകൾക്കായി ഗ്രാമ പഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ആർട്ട്കോ ലഭ്യമാക്കിയ 1575/15-05-2020-ാം നമ്പർ പ്രൊഫോർമ ഇൻവോയ്സ് എസ്റ്റിമേറ്റായി ഗ്രാമ പഞ്ചായത്ത് ഭരണസമിതി 17-06-2020ലെ 1(4)-ാം നമ്പർ തീരുമാന പ്രകാരവും, 1104/29-11-2019-ാം നമ്പർ പ്രൊഫോർമ ഇൻവോയ്സ് 05-12-2019ലെ 1(5)-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിക്കുകയാണ് ചെയ്തത്. ചെയ്ത പ്രവൃത്തിയുടെ അളവ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 28,95,918 രൂപ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം . 09/20-21/07-03-2022, 27/20-21/08-03-2022 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-34 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് : അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് 84/20-21( സ്പിൽ ഓവർ),28/20-21 എന്നീ പ്രൊജക്ടുൾ പ്രകാരം ലാപ്ടോപുകൾ വാങ്ങി 33 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലും അപേക്ഷകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) തദ്ദേശസ്വയംഭരണവകുപ്പിന്റെ 14.2.18 തീയതിയിലെ 22/18 നം സബ്സിഡി മാർഗരേഖ ഖണ്ഡിക. 7.2.9 പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുകയുള്ളു എന്നു പ്രത്യേകം നിർദേശിച്ചിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

A)പ്രൊജക്ടിന്റെപേര് : SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് ( സ്പിൽ ഓവർ) 84/2021

അടങ്കൽ :604758പ്ലാൻ

ചെലവ് :604758/-(ബിൽ നം 1/2021 തീയതി8.5.21)

ഈ പ്രൊജക്ട് പ്രകാരം കെൽട്രോണിൽ നിന്നും 10852/27.2.21 നം ഇൻവോയ്സ് പ്രകാരം 23284രൂപ നിരക്കിൽ 22 ലാപ്ടോപ്പുകളാണ് വാങ്ങി വിതരണം ചെയ്തത്. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാത്ത വിദ്യാർഥികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | വിദ്യാർത്ഥിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | കോഴ്സ് വിവരം |
|---|---|---|---|
| 1 | സനിക എ.വി | ലേണേഴ്സ് കോളേജ് പുത്തനത്താണി | ബി.കോം<br>രണ്ടാം<br>വർഷം |
| 2 | ശ്യാമിലി | CPAകോളേജ് ഓഫ് ഗ്ലോബൽ സ്റ്റഡീസ് | ബി.എ<br>രണ്ടാം<br>വർഷം |

B)പ്രൊജക്ടിന്റെപേര് : SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് 28/20-21

അടങ്കൽ :330000പ്ലാൻ

ചെലവ് :309815/-(ബിൽ നം 11/2021 തീയതി19.3.21)

ഈ പ്രൊജക്ട് പ്രകാരം CPRCS പോർട്ടൽ വഴി IT മിഷനിൽ നിന്നും 22212/25.2.21 പ്രഫോർമ ഇൻവോയ്സ് പ്രകാരം 28165രൂപ നിരക്കിൽ 11 ലാപ്ടോപ്പുകൾ വാങ്ങുന്നതിന് ഓർഡർ നൽകിയിട്ടുണ്ട്.ഇൻവേയ്സ് ഹാജരാക്കിയിട്ടില്ല. വിദ്യാർഥികൾ ലാപ്ടോപ്പുകൾ കൈപറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാണ്. ലാപ്ടോപ്പ് കൈപറ്റിയ താഴെ കൊടുത്തവിദ്യാർഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ പരിശശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

| വിദ്യാർത്ഥിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | കോഴ്സ് വിവരം |
|---|---|---|
| മഞ്ജുഷ .കെ.വി | ലേണേഴ്സ് കോളേജ് പുത്തനത്താണി | ബി.എ സോഷ്യോളജി<br>രണ്ടാം വർഷം |

2) രണ്ടു പ്രൊജക്ടുളിലുമായി ലാപ്ടോപുകൾ വിതരണം ചെയ്ത 33 വിദ്യാർത്ഥികളുടെയും വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം

ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ, വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ 33/09-03-2021 (20-21) നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കി മറുപടിയിൽ കോവിഡ് മൂലമാണ് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകളും വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കാൻ സാധിക്കാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതുവരെ രണ്ട് പ്രൊജക്ടികളിലും കൂടി 914573/-രൂപ തടസ്സം ചെയ്യുന്നു.

## 1-35 SC വിവാഹധനസഹായം അധികം നൽകിയത്

നിർവ്വഹണം :അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ടിന്റെപേര് : SCപെൺകുട്ടികൾക്ക്_വിവാഹധനസഹായം

പ്രൊജക്ട് നം 63/20-21 സ്പിൽ ഓവർ

അടങ്കൽ :150000 പ്ലാൻ

ചെലവ് 75000/- :/- (ബിൽ നം 5/21.5.20)

SC പെൺകുട്ടികൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതി പ്രകാരം, 7.8.2016 ന് വിവാഹം കഴിഞ്ഞ വിനീത.ടി.പി ചേന്നൻ തോട്ടുപുറത്തുവീട് അജിതപ്പടി കൊടയ്ക്കൽഎന്ന ഗുണഭോക്താവിന് 75000രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. ടിയാൾ ധനസഹായത്തിന് അപേക്ഷിച്ചത് 5.3.2020 നാണ്. അപേക്ഷ സമർപ്പിയ്ക്കുന്നതിലെ കാലതാമസം മാപ്പാക്കി കിട്ടുന്നതിനു വേണ്ടി ജില്ലാ കളക്ടർക്ക് മാപ്പപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ30.4.20 ലെ DCP MP4294/20 C7 ഉത്തരവു പ്രകാരം, അപേക്ഷ സമർപ്പിയ്ക്കുന്നതിലെ കാലതാമസം മാപ്പാക്കിയും നിയമം അനുശാസിയ്ക്കുന്ന വിധത്തിൽ ധനസഹായം അനുവദിയ്ക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 7.8.2016 ന് വിവാഹം കഴിഞ്ഞ ഗുണഭോക്താവിന് അന്നത്തെ നിരക്കിലുള്ള 50000 രൂപ (സർക്കാർ ഉത്തരവ് നം 4/2016 ത.സ്വ.ഭ.വ.തീയതി 11.1.2016) അനുവദിയ്ക്കേണ്ടതിനു പകരം പുതിയ മാർഗരേഖപ്രകാരം നിലവിലുള്ള നിരക്കിൽ ധനസഹായം അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 15/7.3.2022(2020-21)യ്ക്ക് കളക്ടറുടെ ഉത്തരവിൽ ധനസഹായതുക എടുത്തു പറയാതിരുന്നതിലും അപേക്ഷാതീയതി പരിഗണിച്ചുമാണ് നിലവിലെ നിരക്ക് അനുവദിച്ചത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. മറുപടി പരിഗണിക്കാവുന്നതല്ല. ആയതിനാൽ അധികം നൽകിയ 25000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S002/2020

അടങ്കൽ - 12,58,520 (വികസന ഫണ്ട് )

ബിൽ നം. 12/30-11-2020 : 12,58,520

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 12,58,520 രൂപ എസ്.എസ്.കെ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 12,58,520 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട ഓരോ സ്കൂളുകളിലും എന്തെല്ലാം ചെലവാണ് പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയത് എന്നതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

2020-21 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| | 09/30-04-2020 | സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ (S0099/2021) എ.ഇ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ തിരുന്നാവായ ക്ക് നൽകിയത് | 2,00,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 2,00,000 രൂപ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം . 08/20-21/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 മാർഗ്ഗരേഖ പാലിക്കാതെ അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു

പ്രൊജക്ട് : ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി.

നം : SO 87/2020-21

അടങ്കൽ - 220636

(വികസന ഫണ്ട് - 178670 ; തനത് ഫണ്ട് - 41966 )

BRN No. 20150552047000025209

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 178656 രൂപ തിരുനാവായ ക്ഷീര സംഘത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററിനു 4 രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ/14.02.18-ലെ ഭാഗം 6.2.8 നിർദ്ദേശിക്കുന്നത്. എന്നാൽ 34659 ലിറ്റർ പാൽ അളന്നതിന് സബ്സിഡി ലിറ്ററിന് 4 രൂപ നിരക്കിൽ 138636 രൂപ വിതരണം ചെയ്തത് ക്ഷീര വികസന വകുപ്പ് നൽകേണ്ട ഒരു രൂപ ഉൾപ്പെടാതെയാണ്. മാർഗ്ഗരേഖ പാലിക്കാതെ അധികമായി 34659 (138636/4) രൂപ അധികം നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ മാർഗരേഖ പ്രകാരം സബ്സിഡി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ.06/2020-21തിയ്യതി -04.03.2022)

## 1-39 മരുന്ന് വാങ്ങൽ പദ്ധതികൾ - മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമാവാത്തത്

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന മരുന്ന് വാങ്ങുന്ന പദ്ധതികളിൽ മുൻകൂർ ആയി തുക കെ.എം.സി.എല്ലിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

| പദ്ധതി | മുൻകൂർ നല്കിയ തുക | ലഭിച്ചത് | അവശേഷിക്കുന്നത് |
|---|---|---|---|
| 37/21കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 1,00,000<br>(Bill 17/20.02.21) | 83,652<br>(Invoice: 2781/24.06.21) | 16,348 |
| 237/21കിഡ്നി രോഗകൾക്ക് മരുന്ന് വാങ്ങൽ | 6,00,000<br>Cheque No.2384449/ 30.3.21) | 1,76,912<br>Invoice<br>1. 6657/24.9.21: 38129<br>2. 7765/21.10.21: 5257 | 4,23,088 |

| | | | |
|---|---|---|---|
| | | 3. 7768/21.10.21: 133526 | |
| | | ആകെ | 4,39,436 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാവുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-40 ക്ഷേമപെൻഷനുകൾ അനുവദിച്ച് നല്കുന്നതിലെ കാലതാമസം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 25.6.2002 ലെ ജി.ഒ പി നം 105/2002 ലെ ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളിന്മേലുള്ള അപേക്ഷകൾ ലഭിച്ച് 40ദിവസത്തിനകം തന്നെ ക്ഷേമപെൻഷനുകൾ അനുവദിച്ച് നല്കണമെന്ന് പ്രത്യേകം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ 2020-21 വർഷത്തിൽ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനാവിധേയമാക്കിയതിൽ, താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)വിധവാപെൻഷൻ

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | കുഞ്ഞീരുമ്മ | 30.9.20 | 5.11.20 | 29.12.20 |
| 2 | ഫാത്തിമ്മ മയറാട്ടിൽ | 30.9.20 | 5.11.20 | 29.12.20 |

1)വാർദ്ധക്യകാല പെൻഷൻ

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ (വിഇഒ) അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | കദീജ സി | 11.5.20 | 4.9.20 | 8.10.20 |
| 2 | ദേവയാനി. കെ.പി | 25.8.20 | 4.9.20 | 26.7.21 |
| 3 | കുഞ്ഞിമുഹമ്മദ് | 26.8.20 | 4.9.20 | 28.4.21 |
| 4 | ബീവി കാളിയാടൻ | 16.9.20 | 4.9.20 | 12.7.21 |
| 5 | രാജഗോപാലൻ | 17.9.20 | 4.9.20 | 29.1.21 |
| 6 | നഫീസ | 11.11.20 | 4.9.20 | 22.2.21 |
| 7 | ഇയ്യാത്തു | 3.2.21 | 2.8.21 | 9.8.21 |
| 8 | കുഞ്ഞഹമ്മദ് | 3.2.21 | 2.8.21 | 9.8.21 |
| 9 | സഫിയ | 30.1.21 | 2.8.21 | 9.8.21 |
| 10 | കേശവൻ ഇ.പി | 5.2.21 | 9.2.21 | 12.7.21 |
| 11 | ഹസ്സൻകുട്ടി | 17.2.21 | 2.8.21 | 24.9.21 |

3) കർഷകതൊഴിലാളി പെൻഷൻ

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | റഹിയാനത്ത് കെ.വി | 22.2.21 | 3.8.21 | 9.8.21 |
| 2 | ഉമ്മു സൽമ | 2.3.21 | 3.8.21 | 9.8.21 |
| 3 | ഹംസ | 19.3.21 | 3.8.21 | 9.8.21 |

ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിൽ സർക്കാർ നിർദേശം പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ

ഓഡിററ് എൻക്വയറി നം .26/8.3.22/ 2020-21 യ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-41 അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കൽ

തദ്ദേശസ്വയംഭരണവകുപ്പിന്റെ 14.2.18ലെ 22/18 നം ഉത്തരവ്വ പ്രകാരം എല്ലാ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിന് പ്രവർത്തിയ്ക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്തിനു കീഴിൽ 46അങ്കണവാടികളുള്ളതിൽ, 28 അംഗനവാടികൾക്കു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 15അങ്കണവാടികൾ വാടകകെട്ടിടത്തിലും മൂന്നെണ്ണം വാടകേതര കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. 2020-21 സാമ്പത്തികവർഷത്തിൽ അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ അംഗനവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എല്ലാ അങ്കണവാടികൾക്കും ടോയ് ലറ്റ് ,ഗ്യാസ് കണക്ഷൻ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 2അങ്കണവാടികൾക്ക് വൈദ്യുതിയും 2എണ്ണത്തിന് കുടിവെള്ളവും 21 എണ്ണത്തിന് ചുററുമതിലും ലഭ്യമാക്കേണ്ടതുണ്ട്. അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പതിപ്പിയ്ക്കേണ്ടതാണ്. അപാകത ചൂണ്ടി കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് -34/9.3.21 /2020-21-മറുപടി ലഭ്യമായിട്ടില്ല.

## 1-42 പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത പകൽവീടിന് ഫർണീച്ചറുകൾ വാങ്ങി-

നിർവഹണ ഉദ്യോഗസ്ഥ :ഐ. സി. ഡി. എസ് സൂപ്പർ വൈസർ

പ്രൊജക്ട്: പകൽ വീട്ടിലേയ്ക്കാവശ്യമായ ഫർച്ചറുകളും അനുബന്ധസാമഗ്രികളും(509/20-21)

അടങ്കൽ :75000/ -തനതു ഫണ്ട്

ചെക്ക് നം : 2384449/30.3.21 തുക 53770/-

ഈ പ്രൊജക്റ്റിന്റെ നടത്തിപ്പിനായി ബി. എസ്. ജി.എസ്.ടി കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽനിന്നും 172/17.3.21 ഇൻവോയ്സ് പ്രകാരം വാങ്ങിയ ഫർച്ചറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | ആകെ തുക |
|---|---|---|
| വുഡൺ ഡൈനിംഗ് ടേബിൾ | 1*8430 | 8430 |
| സ്റ്റീൽ ഡൈനിംഗ് ടേബിൾ | 6*990 | 5940 |
| കോൺഫറൻസ് ടേബിൾ | 1*9840 | 9840 |
| സ്റ്റീൽ ആം ചെയർ | 4*1640 | 6560 |
| ഫൈവർ ഈസി ചെയർ | 20*620 | 12400 |
| ഫൈവർ ആം ചെയർ | 20*530 | 10600 |
| ആകെ | | 53770 |

എന്നാൽ വാങ്ങിയ ഫർച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.ഫർച്ചറുകൾ പകൽ വീട്ടിൽ തന്നെ സൂക്ഷിച്ചരിയ്ക്കുകയാണ് നിർവഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. 4.11.2020 ന് ഉദ്ഘാടനവും കഴിഞ്ഞു കിടക്കുന്ന പ്രസ്തുത പകൽവീടിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. പകൽവീടിന്റെ പ്രവർത്തനം ആരംഭിയ്ക്കാത്തതിനും ഫർച്ചറുകൾ വിതരണം ചെയ്ത് കൈപറ്റ് ലഭ്യമാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.30/8.3.2021/ 2020-21 ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പശ്ചാത്തലമായതിനാലാണ് പ്രവർത്തനം ആരംഭിയ്ക്കാൻ കഴിയാതിരുന്നതെന്നും ഭരണസമിതി തീരുമാനമെടുത്ത് ആയതിന്റെ അടിസ്ഥാനത്തിൽ പകൽവീടിന്റെ പ്രവർത്തനം ഉടൻ ആരംഭിയ്ക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നടപടിവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെറുപറമ്പ് കോളനി NMHSSറോഡ് ഡ്രൈനേജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇനം 4 ആയി M20 ഗ്രേഡ് സിമന്റ് കോൺക്രീറ്റ് ചെയ്തതിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള 7540.44/ $m^3$ നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് സെന്ററിങ് & ഷട്ടറിങ് കൂടാതെ കമ്പി ഉപയോഗിച്ച് കോൺക്രീറ്റ് (RCC- മോർഡ് 11.4.4) ചെയ്യുന്നതിനുള്ള നിരക്കാണ്. ഇവിടെ സെന്ററിങ് ഇല്ലാതെയുള്ള പ്ലെയിൻ സിമന്റ് കോൺക്രീറ്റ് (M20) ആണ് ചെയ്തിട്ടുള്ളത് എന്നതിനാൽ മോർഡ് കോഡ് 11.4.3.1 പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സ്ർവ്ഡ് ഡാറ്റ പ്രകാരമുള്ള 6481. 52/$m^3$ നിരക്കാണ് അനുവദനീയമായിട്ടുള്ളത്. 0.075 Cm കനത്തിൽ റീ കോൺക്രീറ്റ് ആണ് ഇവിടെ നിർവ്വഹിച്ചിട്ടുള്ളത്

ചന്ദനക്കാവ് ചെനപ്പുറം ഇല്ലത്തപ്പടി റോഡ് റീ ടാറിങ്, കോൺക്രീറ്റിങ്, മെയിന്റനൻസ് (216/21) എന്ന പ്രവൃത്തിയിൽ 6481.52 /$m^3$ ആണ് ഈ ഇനത്തിന് നൽകിയിട്ടുള്ളത്. ഈ ഇനത്തിൽ അധികം നൽകിയ 82472രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക 7540.44/$m^3$ | നൽകാവുന്ന തുക 6481.52/$m^3$ | അധികം (12% GST ഉൾപെടെ) |
|---|---|---|---|---|---|
| 1 | ചെറുപറമ്പ് കോളനി NMHSSറോഡ് ഡ്രൈനേജ് നിർമ്മാണം ( 456/21)<br>ബിൽ 62/31.12.20 തുക 125000<br>ബിൽ 63/31.12.20 തുക 341927<br>കരാർ 55/16.7.20<br>അളവ് പുസ്തകം 125/19-20<br>കോൺട്രാക്ടർ ശ്രീ. ടി.കെ അബ്ദുൽ റസാഖ്<br>കോസ്റ്റ് ഇൻഡക്സ് 31.06% | 43.147$m^3$ | 302029<br>@7000/$m^3$<br>(7.167% ടെണ്ടർ കുറവ്)<br>എസ്റ്റിമേറ്റ് പ്രകാരം നിരക്ക് | 259615<br>@6016.99/$m^3$<br>(7.167% ടെണ്ടർ കുറവ്) പ്ലെയിൻ സിമന്റ് കോൺക്രീറ്റിന് നൽകാവുന്ന നിരക്ക് | 47504 |
| 2 | ചെറുപറമ്പ് കോളനി | 29.557$m^3$ | 222316 | 191095 | 34968 |

| | | | | | |
|---|---|---|---|---|---|
| | NMHSSറോഡ് റോഡ് പുനരുദ്ധാരണം ( 422/21)<br>ബിൽ 95/16.3.21 തുക 248993<br>കരാർ 46/18.11.2019<br>അളവ് പുസ്തകം 89/19-20<br>കോൺട്രാക്ടർ ശ്രീ. അബ്ദുൽ മജീദ് .പി<br>കോസ്റ്റ് ഇൻഡക്സ് 31.06% | | (0.25% ടെണ്ടർ കുറവ് ) | @6465.32/ | |
| ആകെ | | | | | 82472 |

ഓഡിറ്റ് എൻക്വയറി 31/2020-21/8.3.2022 നൽകിയതിന് - 11.4.3.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഡാറ്റയിൽ നിന്ന് 40 Mm മെറ്റലിന്റെ നിരക്ക് ഒഴിവാക്കിയാൽ റോഡിന് ഉറപ്പ് കുറയും എന്ന് മുകളിൽ നിന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് 11.4.4 പ്രകാരമുള്ള ഡാറ്റയിൽ നിന്ന് ഫോം വർക്കിന്റെ നിരക്ക് ഒഴിവാക്കിയ നിരക്ക് ഈ പ്രവൃത്തിക്ക് നൽകിയത് എന്ന് മറുപടി ലഭ്യമാക്കി.

11.4.4 പ്രകാരമുള്ള നിരക്ക് RCC ക്ക് നൽകുന്ന നിരക്കാണ്. ഇവിടെ സിമന്റ് കോൺക്രീറ്റ് ആണ് ചെയ്തിട്ടുള്ളത് എന്നതിനാൽ 11.4.4 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല. മാത്രമല്ല ഗ്രാമ പഞ്ചായത്തിൽ തന്നെ മറ്റൊരു പ്രവൃത്തിക്ക് 6481.52 /$m^3$ നിരക്കാണ് നൽകിയിട്ടുമുള്ളത്. ആയതിനാൽ മറുപടി സ്വീകാര്യമല്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-2 ജനൽ കമ്പി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പകൽ വീട് നിർമ്മാണം (429/21) എന്ന പ്രവൃത്തിയുടെ ഇനം 14 ആയി മരം കൊണ്ടുള്ള ജനൽ ഫ്രയിമിൽ എം എസ് റൗണ്ട് (കമ്പി) സ്ഥാപിച്ചതിന് DSR 9.48.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് വെൽഡിങ്ങ് പ്രവൃത്തികൾ ഉൾപെടുന്ന നിരക്കാണ്. എന്നാൽ ഇവിടെ ചെയ്ത പ്രവൃത്തിയിൽ വെൽഡിങ് ആവശ്യമില്ലാത്തതായതിനാൽ DSR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.
സ്കൂളുകൾക്ക് ഗേൾസ് ഫ്രന്റ്ലി ടോയ്‌ലറ്റ് രണ്ടാം ഘട്ടം (214/20) എന്ന പ്രവൃത്തിയിൽ ഇതേ ഇനത്തിന് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന | അധികം |
|---|---|---|---|---|---|

| നമ്പർ | | | | തുക | |
|---|---|---|---|---|---|
| 1 | പകൽ വീട് നിർമ്മാണം (429/21)<br>ബിൽ 145/31.3.2021 തുക 268800<br>ബിൽ 146/31.3.2021 തുക 460047<br>ചെക്ക് /29.3.2021 തുക 150539<br>കരാർ 28/29.5.2020<br>അളവ് പുസ്തകം 78/20-21<br>കോൺട്രാക്ടർ ശ്രീ ഹുസൈൻ.വി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 131.735Kg | 16467<br>@125/Kg<br>(15.19% ടെണ്ടർ കുറവിന് ശേഷം എസ്റ്റിമേറ്റ് നിരക്ക് @147.38/Kg) | 9050<br>@68.70/Kg<br>(15.19% ടെണ്ടർ കുറവിന് ശേഷം എസ്റ്റിമേറ്റ് നിരക്ക് @81.01/Kg) | 8307<br>(12% നികുതി ഉൾപെടെ) |

ഓഡിറ്റ് എൻക്വയറി 25/2020-21/8.3.2022 നൽകിയതിന് - സാങ്കേതികാനുമതി ലിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ഇ -ടെണ്ടർ ചെയ്ത് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് അനുവദിച്ച് പ്രവൃത്തി നിർവ്വഹിച്ചത് എന്ന് മറുപടി ലഭ്യമാക്കി. എസ്റ്റിമേറ്റിൽ തെറ്റായ നിരക്കാണ് നൽകിയത് എന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-3 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയ ർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി ട്രസ്സ് വർക്ക് ചെയ്തതിന് (റെക്ടാങ്കുലർ ഹോളോ പൈപ്പ്) ട്രസ്സ് വർക്കിന് ബാധകമായ DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 8.3.2022 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തി സിംഗിൾ സെക്ഷൻ ആണെന്ന് വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധികം നൽകിയ 20537 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക DSR 10.16.1 പ്രകാരം | നൽകാവുന്ന തുക 50.10.2 പ്രകാരം | അധികം |
|---|---|---|---|---|---|
| 1 | വെറ്ററിനറി പോസ്പിറ്റൽ | 1608.515Kg | 190255 | 171918 | 20537 |

| | | | | | |
|---|---|---|---|---|---|
| | മെയിന്റനൻസ് (425/21)<br>ബിൽ 118/22.2.2021 തുക 249310<br>കരാർ 148/22.6.2020<br>അളവ് പുസ്തകം 44/19-20<br>കോൺട്രാക്ടർ ശ്രീ. ഷാഹുൽ ഹമീദ്<br>കോസ്റ്റ് ഇൻഡക്സ് 31.06% | | @118.28/Kg | @106.88/Kg | (12% GSST ഉൾപെടെ) |

ഓഡിറ്റ് എൻക്വയറി 18/2020-21/7.3.2022 നൽകിയതിന് ധാരാളം കട്ടിങ്ങും, വെൽഡിങ്ങും, ജോയിന്റ്സും വരുന്നതിനാലാണ് ബിൽട്ടപ് സെക്ഷന്റെ നിരക്ക് നൽകിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

സാധാരണ രീതിയിൽ കോമൺ റാഫ്റ്ററുകൾ, ജാക്ക് റാഫ്റ്ററുകൾ, വാൾ പ്ലൈറ്റ് തുടങ്ങിയവ മാത്രമാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ചെറിയ മെമ്പേഴ്സ് ഉപയോഗിച്ച് താഴെ നിന്ന് സെറ്റ് ചെയ്ത് മേൽ കൂരയിൽ ഫിറ്റ് ചെയ്യുന്ന രീതിയിലുള്ള ബിൽട്ടപ് സെക്ഷൻ വർക്കുകളല്ല ഇവിടെ ചെയ്തിട്ടുള്ളത് എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായതാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-4 മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തി - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുണ്ടനി കണ്ടംപാറ റോഡ് സൈഡ് കോൺക്രീറ്റ് (370/19) എന്ന പ്രവൃത്തിയുടെ ഇനം 1 ആയി 346.968/$m^3$ മണ്ണ് കിളച്ചെടുത്തതിന് DSR 2.1.1 പ്രകാരം 72.74/$m^2$ നിരക്കിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിന് DSR 2.8.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവുന്നതാണ്.

DSR 2.1.1 പ്രകാരമുള്ള ഡാറ്റ 1.5മീറ്ററിൽ അധികരിക്കുന്ന വീതിയിലുള്ള മണ്ണ് കിളച്ചെടുക്കലിന് ഉപയോഗിക്കുന്നതാണ്. എന്നാൽ ഈ പ്രവൃത്തി ശരാശരി ഒരു മീറ്റർ വീതിയിലും 15cm കനത്തിലും ആണ് ചെയ്തിട്ടുള്ളത്. റോഡിന്റെ ഇരുവശത്തും ഐറിഷ് ഡ്രൈൻ നിർമ്മിക്കാനുള്ള ഈ പ്രവൃത്തിക്ക് ഡ്രൈൻ നിർമ്മാണത്തിന് മണ്ണ് കിളച്ചെടുക്കാൻ നല്കുന്ന DSR കോഡ് 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|
| കുണ്ടനി കണ്ടംപാറ റോഡ് സൈഡ് കോൺക്രീറ്റ് (292/20)<br>ബിൽ 38/24.9.19 തുക 390000<br>ചെക്ക് 29.3.2019 തുക 10000<br>അളവ് പുസ്തകം 82/18-19<br>കരാർ. 114/1.2.2019<br>കരാറുകാരൻ ശ്രീ. കുഞ്ഞഹമ്മദ്. സി.പി | 25238<br>346.968$m^2$<br>@72.74/$m^2$ | 11887<br>52.05$m^3$<br>@228.38/$m^3$<br>(346.968*0.15cm=52.05) | 13351 |

കുറിപ്പ് - DSR 2.1.1 പ്രകാരം മൺപണിക്കുള്ള നിരക്ക് മീറ്റർ സ്ക്വയറിലും (നീളവും വീതിയും മാത്രം എടുക്കുന്നു) DSR 2.8.1 പ്രകാരം മൺപണിക്കുള്ള നിരക്ക് മീറ്റർ ഘന മീറ്ററിലും (നീളവും വീതിയും ഉയരവും എടുക്കുന്നു) ആണ് കണക്കാക്കുന്നത്.

ഓഡിറ്റ് എൻക്വയറി 20/20-21/6.3.2022 നൽകിയതിന് - 30cm വരെയുള്ള ഡെപ്ത്തിൽ മണ്ണ് എടുക്കുന്നതിന് ഉപയോഗിക്കുന്നതാകയാലാണ് ഈ നിരക്ക് നൽകിയത് എന്ന മറുപടി ലഭ്യമാക്കി. റോഡിന്റെ ഇരുവശത്തും ഐറിഷ് ഡ്രൈൻ നിർമ്മിക്കാനുള്ള ഈ പ്രവൃത്തിക്ക് ഡ്രൈൻ നിർമ്മാണതിനുള്ള DSR കോഡ് 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നതിനാൽ മറുപടി സ്വീകാര്യമല്ല

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 129500 | 236/2020-21<br>പാലിയേറ്റീവ് കെയർ | 129500 | 0 |
| | 66000 | 258/2020-21<br>പരിരക്ഷ- ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണം. | 66000 | 0 |
| | 510000 | 39/2020-21<br>സമഗ്ര നെൽ കൃഷി വികസനം | 510000 | |
| ആകെ | 705500 | | 705500 | |
| ജില്ലാ പഞ്ചായത്ത് | 251000 | 39/2020-21<br>സമഗ്ര നെൽ കൃഷി | 251000 | 0 |

| | | | | |
|---|---|---|---|---|
| | | വികസനം | | |
| ആകെ | 1662000 | | 1662000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ സ്ഥാപിക്കൽ (S0099/2021) | 09/30-04-2020 | 2,00,000 | 0 | ലഭ്യമല്ല | 2,00,000 |

കുറിപ്പ്

വാർഷിക കണക്ക് പ്രകാരമുള്ള 276400/-രൂപയിൽ 76400 കറക്ഷൻ എൻട്രിയാണ്( വൗച്ചർ നം-22001328).

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | വായ്പ തുക | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ലൈഫ് മിഷന് | ലഭ്യമല്ല | 13003824 | 1000000 | 1566157 | 12437667 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 55,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 2000 | 1436/27.07.1987 |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ്, കുറ്റിപ്പുറം | 50000 | 258/03.08.1996 |
| മലപ്പുറം ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 3000 | 045/09.01.1994 |

കുറിപ്പ്

സ്ഥിര നിക്ഷേപം ഇനത്തിൽ വാർഷികകണക്കിൽ ബാലൻസുള്ള 55,000/- രൂപ വർഷങ്ങളായി തുടരുന്നതും എന്നാൽ പലിശയിനത്തിലോ മറ്റോ വരവ് ഇല്ലാത്തതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 5498/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം.തി |
|---|---|---|---|---|
| 2018-19 | | 4404 | | 120020103157/12.112020 |
| 2018-19 | | 1094 | നിഖിൽ രാജ് | 120020103158/12.112020 |
| ആകെ | | 5498 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം/ ഖണ്ഡികനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12,12-13 2(1) | 2014-15 | ഷോപ്പിംഗ് കോംപ്ലക്സ് | 26.05.2016 ന് ലേലം നടന്നു 01.07.2016 മുതൽ എഗ്രിമെന്റ് വെച്ചു |
| 2014-15 2(5),2(3), | 2016-17 | | |
| 2015-16 2(1),2(2) | 2016-17 | | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ ന | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 2-9, 2-14 | വി കെ മോഹനകൃഷ്ണൻ, സെക്രട്ടറി | LF10407/ Spl.cell/ Scd1/12 Dt 18-9-14 | 9536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9536 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട | ഈടാക്കിയ | | |

| | | | വകുപ്പ്. | | | | | തുക | തുക | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2006-07 | 3-1 3-10 | വി.കെ. മോഹന കൃഷ്ണൻ, സെക്രട്ടറി | LF10407/ Spl.cell/ Scd1/12 | 40371 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 40371 |
| 2 | 2006-07 | 3-8 | | LF10407/ Spl.cell/sc/ D1/12 Dt 17-6-15 | 4773 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4773 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96131426 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104564565 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,24,667 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6393794 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 82472 | പ്രൊജക്റ്റ് നമ്പർ 456/21<br>Rs. 23752 ശ്രീമതി ജമൈലത്ത് വി.വി. അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 23752 ശ്രീമതി. സജിത. എ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | പ്രൊജക്റ്റ് നമ്പർ 422/21<br>Rs. 17484 ശ്രീ.വിനോജ്. ജെ.ജെ അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 17484 ശ്രീമതി. സജിത. എ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 8307 | Rs. 4154 ശ്രീമതി. ജിൻസി.ഐ അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | Rs. 4153 ശ്രീ.ഷിബി ജോർജ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 3-3 | | 20537 | Rs. 10269 ശ്രീമതി. ജുമൈലത്ത് വി.വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | Rs. 10268 ശ്രീമതി. സജിത. എ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 13351 | Rs. 6659 ശ്രീമതി.ജുമൈലത്ത് വി.വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | Rs. 6658 ശ്രീമതി. സജിത. എ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 1,24,667 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 8,91,563 | ശ്രീമതി ഷീല യു, സെക്രട്ടറി 3,54,142 |
| | | ശ്രീമതി ജയലക്ഷ്മി എ, സെക്രട്ടറി 4,78,615 |
| | | 58,806 ശ്രീമതി ജയലക്ഷ്മി എ, സെക്രട്ടറി |
| 1-29 | 6,21,740 | ശ്രീ വേണുഗോപാലൻ എം.പി, സെക്രട്ടറി |
| 1-30 | 95,000 | ശ്രീ വേണുഗോപാലൻ എം.പി, സെക്രട്ടറി |
| 1-31 | 7,50,000 | ശ്രീമതി ഷീല യു, സെക്രട്ടറി |
| 1-33 | 20,96,145 | ശ്രീമതി ഷീല യു, സെക്രട്ടറി |
| | 7,99,773 | ശ്രീ വേണുഗോപാലൻ എം.പി, സെക്രട്ടറി |
| 1-34 | 914573 | ശ്രീമതി. ജയശ്രീ, അസി.സെക്രട്ടറി |
| 1-35 | 25000 | ശ്രീമതി. ജയശ്രീ, അസി.സെക്രട്ടറി |
| 1-37 | 2,00,000 | ശ്രീമതി ഷീല യു, സെക്രട്ടറി |
| ആകെ | 6393794 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജുമൈലത്ത് വി.വി. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, താനൂർ ബ്ലോക്ക് പഞ്ചായത്ത് | പകരനെല്ലൂർ പാഴൂർ(പി.ഒ) കുറ്റിപ്പുറം മലപ്പുറം(ജില്ല) 679571 |
| ശ്രീമതി. സജിത. എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | ഫിർദൌസ് |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എഞ്ചിനീയർ,<br>മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | നിയർ സിറ്റി ജംഗ്ഷൻ,<br>ടി.കെ.എം<br>കാരിക്കോട്,<br>കൊല്ലം-5<br>691005 |
| ശ്രീ.വിനോജ്. ജെ.ജെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കൊണ്ടാഴി ഗ്രാമ പഞ്ചായത്ത് | തരകൻ(വീട്)<br>എസ്.ഡി-<br>കോൺവെന്റ് റോഡ്<br>പട്ടിശ്ശേരി(പി.ഒ)<br>പാലക്കൽ<br>തൃശ്ശൂർ(ജില്ല)<br>680027 |
| ശ്രീ.ഷിബി ജോർജ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സൂപ്രണ്ട് എഞ്ചിനീയർ<br>തൃശ്ശൂർ കോർപ്പറേഷൻ | കാളിന്ദി റെസിഡെൻസി,<br>തൃശ്ശൂർ<br>നിയർ നോർത്ത് ബസ്സ്സ്റ്റാന്റ് |
| ശ്രീമതി. ജിൻസി.ഐ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>വെട്ടം ഗ്രാമ പഞ്ചായത്ത് | കടെങ്ങൽ(വീട്)<br>കൻമനം(പി.ഒ)<br>മലപ്പുറം<br>676551 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | എൽ.എഫ്.എം.7/1080/94 തിയ്യതി: 31.08.2004 | 2 |
| 1979-80 | എൽ.എഫ്.എം.7/1081/94 തിയ്യതി: 31.08.2004 | 2 |
| 1980-81 | എൽ.എഫ്.എം.7/1082/94 തിയ്യതി: 31.08.2004 | 3 |
| 1982-83 | എൽ.എഫ്.എം.7/1084/94 തിയ്യതി: 31.08.2004 | 1 |
| 1983-84 | എൽ.എഫ്.എം.7/1085/94 തിയ്യതി: 31.08.2004 | 8 |
| 1984-85 | എൽ.എഫ്.എം.7/1086/94 തിയ്യതി: 31.08.2004 | 7 |
| 1985-86 | എൽ.എഫ്.എം.7/1087/94 തിയ്യതി: | 10 |

| | | |
|---|---|---|
| | 31.08.2004 | |
| 1986-87 | എൽ.എഫ്.എം.7/1088/94 തിയ്യതി: 31.08.2004 | 12 |
| 1987-89 | എൽ.എഫ്.എം.7/1069/94 തിയ്യതി: 04.05.1994 | 17 |
| 1989-91 | എൽ.എഫ്.എം.7/1084/94 തിയ്യതി: 06.02.1995 | 12 |
| 1991-92 | എൽ.എഫ്.എം.7/1089/94 തിയ്യതി: 31.08.1994 | 7 |
| 1992-94 | എൽ.എഫ്.എം.5/720/97 തിയ്യതി 5.3.98 | 7 |
| 1994-96 | എൽ.എഫ്.എം.5/868/99 തിയ്യതി 5.10.99 | 4 |
| 1996-97 | എൽ.എഫ്.എം.5/11/99 തിയ്യതി 9.11.99 | 1 |
| 1997-98 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2375/07 തിയ്യതി 6.2.09 | 1 |
| 1998-99 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2376/07 തിയ്യതി 6.2.09 | 1 |
| 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2373/07 തിയ്യതി 6.2.09 | 4 |
| 1997-98 മുതൽ 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.16/1617/07 തിയ്യതി 28.9.05 | 23 |
| 2000-01 | എൽ.എഫ്.എം.7/2374/07 തിയ്യതി 6.2.09 | 10 |
| 2001-02 | എൽ.എഫ്.എം.7/2378/07 തിയ്യതി 25.3.09 | 9 |
| 2002-03 | എൽ.എഫ്.എം.7/2379/07 തിയ്യതി 25.3.09 | 4 |
| 2003-04 | എൽ.എഫ്.എം.7/2380/07 തിയ്യതി 25.3.09 | 14 |
| 2004-05 | എൽ.എഫ്.എം.14/2215/08 തിയ്യതി 25.3.09 | 16 |
| 2006-07 | എൽ.എഫ്.എം.14/1249/2011 തിയ്യതി 17.02.12 | 49 |
| 2007-08 | എൽ.എഫ്.എം.14/1490/10 തിയ്യതി 18.7.09 | 42 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എം.17/201/2013 തിയ്യതി 8.4.13 | 25 |
| 2011-12, 2012-13 | എൽ.എഫ്.എം.17/1357/2014 തിയ്യതി 11.12.14 | 19 |
| 2013-14, 2014-15 | എൽ.എഫ്.എം.17/1357/2014 തിയ്യതി 30.01.17 | 18 |
| 2015-16 | കെ.എസ്.എ.എം.പി.എം.17/3282/2016 | 16 |
| 2016-17 | കെഎസ്എ എംപിഎം 17/2242/2017 തിയതി 19.07.18 | 11 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം17/1999/2019 തിയതി 17.09.19 | 29 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം17/226/20 തിയതി 14.10.20 | 9 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം17/645/22തി. 24.05.2022 | 27 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.4/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്